## സബ്മിഷൻ

### വർക്കല കുന്നുകളെ ജിയോ പാർക്കാക്കാൻ നടപടി

ശ്രീ. വർക്കല കഹാർ: സർ, ഭൗമശാസ്ത്രജ്ഞൻമാർക്ക് ഒരു വിസ്മയ കേന്ദ്രമാണ് പാപനാശത്തെ കുന്നുകൾ. ലോകപ്രശസ്ത വിനോദസഞ്ചാര കേന്ദ്രമായ വർക്കല പാപനാശം കടൽത്തീരത്തോടു ചേർന്നുള്ള കുന്നുകൾ ഘടനാപരമായ സവിശേഷതകൾ കൊണ്ട് ഭൗമശാസ്ത്രജ്ഞൻമാർക്കും വിദ്യാർത്ഥികൾക്കും ഇഷ്ടവിഷയമാണ്. ഈ അക്കാദമിക് പ്രാധാന്യം കൂടി കണക്കിലെടുത്തുകൊണ്ടാണ് വർക്കല കുന്നുകളുടെ സംരക്ഷണത്തിനും ജിയോപാർക്ക് എന്ന സങ്കല്പത്തിനും പ്രാധാന്യം നൽകി ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ ഒരു പഠനം സംഘടിപ്പിച്ചത്. ഈ പഠനനിർദ്ദേശങ്ങൾക്ക് അനുസൃതമായി വർക്കല കുന്നുകളെ അവയുടെ മൂല്യത്തിന് ഇണങ്ങുന്ന വിധം ഒരു സംരക്ഷിതമേഖലയാക്കി മാറ്റാൻ സർക്കാർ ഇടപെടണമെന്ന ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ ആവശ്യപ്രകാരം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യ, ടൂറിസം, റവന്യൂ അതുപോലെ വർക്കല മുനിസിപ്പാലിറ്റി എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥ പ്രമുഖരുടെ ഒരു സംയുക്തയോഗം വിളിക്കുകയും ഈ റിപ്പോർട്ടിൽ പറയുന്ന കാര്യങ്ങൾ നടപ്പിലാക്കാൻ സത്വര നടപടിയുണ്ടാകണ മെന്ന നിലയിൽ തീരുമാനമെടുക്കുകയുമുണ്ടായി. ഈ കുന്നുകളെ ഒരു ജിയോപാർക്കായി ഉയർത്തി യുനെസ്കോയുടെ ലോകപൈതൃക പട്ടികയി ലേയ്ക്ക് ഉൾപ്പെടുത്തുകയെന്നുള്ളതാണ് ആത്യന്തികമായ ലക്ഷ്യം. പക്ഷേ നാളിതുവരെ ബന്ധപ്പെട്ട വകുപ്പുകൾ ഇക്കാര്യത്തിൽ അർഹമായ പ്രാധാന്യം നൽകി തുടർനടപടികൾ കൈക്കൊണ്ടിട്ടില്ല. ഇന്ത്യയിലെ ആദ്യത്തെ ജിയോ

പാർക്ക് എന്ന നിലയിൽ നമ്മുടെ വിനോദസഞ്ചാര മേഖലയ്ക്കും വൈജ്ഞാനിക മേഖലയ്ക്കും ശാസ്ത്ര മേഖലയ്ക്കും ഒരുപോലെ ഉണർവ്വ് പകരുന്ന ഈ പദ്ധതി അടിയന്തരമായി നടപ്പിലാക്കാൻ സർക്കാർ സത്വര നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**വർക്കല കുന്നുകളെ ജിയോപാർക്കാക്കാൻ നടപടി**

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ശ്രീ. വർക്കല കഹാർ പറഞ്ഞതു പോലെ വിസ്മയമായിട്ടുള്ളവയാണ് വർക്കല കുന്നുകൾ. എനിക്ക് അത് സംബന്ധിച്ച് അറിയില്ലായിരുന്നു. വർക്കല കഹാർ അദ്ദേഹത്തിന്റെ നിയോജ കമണ്ഡലത്തിലെ ഒരു കാര്യം എന്ന നിലയിൽ എന്നോട് വന്ന് പറഞ്ഞി രുന്നുവെങ്കിലും അതിന്റെ പ്രാധാന്യത്തെക്കുറിച്ച് എനിക്ക് അറിയില്ലായി രുന്നു. ഇന്ത്യയിൽ ഇതുപോലുള്ള സ്ഥലം വേറെയില്ലായെന്ന് ജിയോളജി ക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ ഉദ്യോഗസ്ഥർ കോൺഫറൻസിൽ പറഞ്ഞതു കേട്ടപ്പോൾ ഞാൻ അത്ഭുതപ്പെട്ടുപോയി. ഗവൺമെന്റ് ആ ഗൗരവത്തിൽത്ത ന്നെയാണ് ഈ വിഷയത്തെ കാണുന്നത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ലോകത്ത് രണ്ട് സ്ഥലങ്ങ ളിൽ മാത്രമാണ് ഔഷധവീര്യമുള്ള വെള്ളം പാറകൾക്കിടയിലൂടെ ഒഴുകിവരു ന്നത്. അതിലൊന്ന് വർക്കലയും മറ്റൊന്ന് ഇംഗ്ലണ്ടിലുമാണ്. കുട്ടികൾക്ക് പഠി ക്കാനുള്ള സയൻസ് പാഠപുസ്തകത്തിൽ കേരള ഗവൺമെന്റ് ഇതു സംബന്ധിച്ച് എഴുതിയിട്ടുണ്ട്.

ശ്രീ. ഉമ്മൻ ചാണ്ടി: അങ്ങയുടെ നാടായ വർക്കലയുടെ പ്രാധാന്യം ശരിയായ സമയത്ത് തിരിച്ചറിയാത്തതിൽ ഖേദമുണ്ട്. ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ ഉയർന്ന ഉദ്യോഗസ്ഥർ വന്ന് പറയുമ്പോഴാണ് ഞാൻ ഇക്കാര്യം മനസ്സിലാക്കിയത്. അന്ന് മുതൽ ഗവൺമെന്റ് പ്രത്യേകമായ

താൽപ്പര്യം എടുക്കുന്നുണ്ട്. ലോക പ്രശസ്ത വിനോദ സഞ്ചാരകേന്ദ്രമായ വർക്കല പാപനാശത്തോട് ചേർന്ന് നൂറ്റാണ്ടുകൾക്ക് മുമ്പ് രൂപപ്പെട്ട ഈ ഭൂവിഭാഗത്തെ ഭൗമശാസ്ത്ര വിസ്മയമായി കണ്ട് സംരക്ഷിക്കുന്നതിനും യുനെസ്കോയുടെ പൈതൃക പട്ടികയിൽ ഉൾപ്പെടുത്തുംവിധം ആകർഷക മായ പദ്ധതികൾ തയ്യാറാക്കുന്നതിനുമുള്ള ചർച്ചകൾ ടൂറിസംവകുപ്പും ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുമായി ചർച്ച ചെയ്ത് വരികയാണ്. അക്കാര്യത്തിൽ യാതൊരു താമസവും ഉണ്ടാകില്ല. സംസ്ഥാന ഗവൺമെന്റ് ചെയ്യേണ്ട എല്ലാ കാര്യങ്ങളും ചെയ്യും. ഈ കുന്നുകളെ നമ്മുടെ നാടിന്റെ വലിയ സ്വത്തായിട്ടാണ് ഗവൺമെന്റ് കാണുന്നത്. അതിനുവേണ്ട എല്ലാ നടപടികളും എടുക്കുമെന്ന് ഉറപ്പ്നൽകുന്നു.

## വിദ്യാഭ്യാസ ആനുകൂല്യങ്ങൾ പുന:സ്ഥാപിക്കൽ

ശ്രീ. ലൂഡി ലൂയിസ്: സർ, വിദ്യാഭ്യാസപരമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന സമുദായമാണ് കേരളത്തിലെ ആംഗ്ലോ-ഇന്ത്യൻ സമുദായം. കേരളത്തിലെ ആംഗ്ലോ-ഇന്ത്യൻ സമുദായം ഒ.ബി.സി വിഭാഗ ത്തിൽപ്പെടുന്നുണ്ടെങ്കിലും വിദ്യാഭ്യാസപരമായ സംവരണം ഈ സമുദായ ത്തിന് ലഭിക്കുന്നില്ല. വിശ്വാസപരമായും ചരിത്രപരമായും ലത്തീൻ സമുദാ യത്തിന്റെ ഭാഗമായ കേരളത്തിലെ ആംഗ്ലോ-ഇന്ത്യൻ സമുദായത്തിന് ലത്തീൻ സമുദായത്തിലെ ഇതര വിഭാഗങ്ങളോടൊപ്പം തൊഴിൽ സംവരണം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും ലത്തീൻ സമുദായത്തിലെ ഇതര വിഭാഗത്തോ ടൊപ്പം ലഭിച്ചിരുന്ന വിദ്യാഭ്യാസ സംവരണം, ആംഗ്ലോ-ഇന്ത്യൻ ഒഴിച്ചുള്ള ലത്തീൻ ക്രിസ്ത്യാനികളെന്ന ന്യായരഹിതമായ നിബന്ധനകൾ ഏർപ്പെടുത്തി യതുമൂലം ഇപ്പോൾ നഷ്ടപ്പെട്ടിരിക്കുകയാണ്. ഇത് പിന്നോക്ക വിഭാഗ ത്തിൽപ്പെടുന്ന ആംഗ്ലോ-ഇന്ത്യക്കാരെ കൂടുതൽ പിന്നോട്ടടിച്ചിരിക്കുകയാണ്.

പ്ലസ് വൺ പ്രവേശനം ഏകജാലക രീതിയിൽ ആരംഭിച്ചതോടെ സംവരണം ഇല്ലാത്തതിനാൽ പ്ലസ് വൺ പ്രവേശനം പോലും നേടുവാൻ നിർദ്ധനരായ ആംഗ്ലോ-ഇന്ത്യൻ വിദ്യാർത്ഥികൾക്ക് ബുദ്ധിമുട്ട് നേരിട്ട് കൊണ്ടിരിക്കുകയാണ്. ചരിത്രപരമായ കാരണങ്ങളാൽ കേരളത്തിലെ ആംഗ്ലോ-ഇന്ത്യക്കാരിൽ ബഹുഭൂരിപക്ഷവും പിന്നോക്ക തീരദേശ മേഖലകളിലും ഗ്രാമ പ്രദേശങ്ങളിലുമാണ് സ്ഥിരതാമസമാക്കിയിട്ടുള്ളത്. ഉന്നത വിദ്യാഭ്യാസ മേഖലയിൽ ചില കോഴ്സുകളിൽ നാമമാത്രമായ സ്പെഷ്യൽ സംവരണം മാത്രമാണ് ഇന്ന് ആംഗ്ലോ ഇന്ത്യൻ വിദ്യാർത്ഥികൾക്ക് ലഭിക്കുന്നത്. ഇവരുടെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് കേരള ലത്തീൻ കത്തോലിക്ക കൗൺസിൽ പോലും സർക്കാരിനോട് ആംഗ്ലോ- ഇന്ത്യൻ സമുദായത്തെക്കൂടി പരിഗണിക്കണമെന്ന് നിവേദനത്തിലൂടെ ആവശ്യപ്പെട്ടിട്ടുണ്ട്. ലാറ്റിൻ ക്രിസ്ത്യനെപ്പോലെതന്നെ വിദ്യാഭ്യാസ സംവരണത്തിന്റെ കാര്യത്തിൽ ആംഗ്ലോ ഇന്ത്യൻ ഒഴികെ എന്ന ക്ലോസ് എടുത്തുമാറ്റി ആംഗ്ലോ-ഇന്ത്യൻ വിദ്യാർത്ഥികൾക്കുകൂടി വിദ്യാഭ്യാസ സംവരണം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സമുദായത്തോട് നീതിയും സ്നേഹവും എന്നും കാണിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ അങ്ങ് ഇടപെട്ട് ഇവരുടെ ദുരിതാവസ്ഥയ്ക്ക് മാറ്റം വരുത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

## വിദ്യാഭ്യാസ ആനുകൂല്യങ്ങൾ പുന:സ്ഥാപിക്കൽ

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ നിലവിലുള്ള വ്യവസ്ഥ അനുസരിച്ച് ആംഗ്ലോ ഇന്ത്യൻ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സംവരണമില്ല. എന്നാൽ ലത്തീൻ

കത്തോലിക്ക സമുദായത്തിനും എസ്.ഐ.യു.സി സമുദായത്തിനും കൂടി രണ്ട് ശതമാനം സീറ്റുകളും മറ്റ് പിന്നോക്ക ക്രിസ്ത്യൻ സമുദായങ്ങൾക്ക് ഒരു ശതമാനം സീറ്റും സർക്കാർ ഹയർ സെക്കൻഡറി സ്കൂളുകളിൽ സംവരണം ചെയ്തിട്ടുണ്ട്. പ്ലസ് വൺ പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെ യോഗ്യത സർട്ടിഫിക്കറ്റിൽ 'Other Backward Christian' എന്ന് രേഖപ്പെടുത്തുകയോ ബന്ധപ്പെട്ട റവന്യൂ അധികാരികളിൽ നിന്ന് 'Other Backward Christian' എന്ന സർട്ടിഫിക്കറ്റ് ഹാജരാക്കുകയോ ചെയ്യുന്ന പക്ഷം ആംഗ്ലോ-ഇന്ത്യൻ വിദ്യാർത്ഥികളെയും മറ്റ് പിന്നോക്ക ക്രിസ്തീയ സമുദായങ്ങൾക്കൊപ്പം സർക്കാർ സ്കൂളുകളിലുള്ള ഒരു ശതമാനം സംവരണ സീറ്റിലേയ്ക്ക് പരിഗ ണിക്കുന്നുണ്ട്. ആംഗ്ലോ ഇന്ത്യൻ സമുദായത്തിന് പ്രത്യേകം സംവരണം സംബന്ധിച്ച വിഷയം പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് പരിശോധിച്ച് വരുകയാണ്. കിട്ടിക്കൊണ്ടിരുന്ന ആനുകൂല്യം നിഷേധിക്കപ്പെട്ടിട്ടുണ്ടെങ്കിൽ തീർച്ചയായും പുന:സ്ഥാപിക്കേണ്ടതാണ്. ഇക്കാര്യത്തിൽ അനുഭാവപൂർവ്വ മായ സമീപനം ഗവൺമെന്റ് സ്വീകരിക്കും.

**<u>മഅ്ദനിക്ക് യഥാസമയം വിദഗ്ധ ചികിത്സ ലഭ്യമാക്കൽ</u>**

<u>ശ്രീ. എം.എ. ബേബി</u>: സർ, അബ്ദുൾ നാസർ മഅ്ദനി ഒരു കേസിൽ പ്രതിചേർക്കപ്പെട്ട് 28 മാസമായി ബാംഗ്ലൂർ സെൻട്രൽ ജയിലിൽ അടക്കപ്പെട്ടി രിക്കുകയാണ്. ഒരു കാൽ ഇല്ലാത്ത, അതീവ ഗുരുതരമായ പല രോഗങ്ങളും ബാധിച്ച, ഏറ്റവും ശ്രദ്ധാപൂർവ്വമായ ചികിത്സ ആവശ്യമുള്ള ഒരു രോഗി യാണ് ശ്രീ. മഅ്ദനി. കോയമ്പത്തൂർ സ്ഫോടനക്കേസിൽ പ്രതിയാക്കിയി രുന്ന കാലത്ത് ഒൻപതര വർഷം കോയമ്പത്തൂരിലെ ജയിലിലായിരുന്നു. അവസാനം ആ കേസിൽ ഇദ്ദേഹം നിരപരാധിയാണെന്ന് കണ്ടെത്തിയതിനെ

ത്തുടർന്ന് വിട്ടയച്ചു. കുറ്റവാളിയാണെന്ന് തെളിയിക്കപ്പെട്ടിരുന്നുവെങ്കിൽ ലഭിക്കുമായിരുന്ന ജയിൽ ശിക്ഷയേക്കാൾ കൂടുതൽ കാലം അദ്ദേഹത്തിന് കോയമ്പത്തൂർ ജയിലിൽ കിടക്കേണ്ടിവന്നു. ബാംഗ്ലൂർ സ്ഫോടന കേസിൽ പ്രതിചേർക്കപ്പെട്ട് ജയിലിൽ കഴിയുന്ന ശ്രീ. അബ്ദുൾ നാസർ മഅ്ദനിക്ക് അതുപോലെ ആപൽക്കരമായ അവസ്ഥ ഉണ്ടാകുമോയെന്നുള്ള പ്രശ്നമുണ്ട്. അദ്ധ്യാപകനായി പ്രവർത്തിച്ച് റിട്ടയർ ചെയ്ത മഅ്ദനിയുടെ ബാപ്പയായ ശ്രീ. ടി.എ. അബ്ദുസമദ് തന്നിട്ടുള്ള നിവേദനത്തിൽ പറയുന്നത് ജയിലിൽ കിടക്കുന്ന മഅ്ദനിയുടെ രോഗാവസ്ഥ വളരെ ഗുരുതരമാണെന്നും അദ്ദേഹ ത്തിന് ഡയബറ്റിക്ക് ന്യൂറോപ്പതി, രക്തസമ്മർദ്ദം, അൾസർ, നട്ടെല്ല് വേദന, ഹൃദ്രോഗം, ഇടുപ്പ് വേദന, കഴുത്തെല്ല് വേദന തുടങ്ങിയ എല്ലാവിധ ബുദ്ധിമുട്ടുകളും ഉണ്ടെന്നാണ്. എനിക്ക് ആവശ്യപ്പെടാനുള്ളത്, ഈ അവസ്ഥയിൽ വിദഗ്ദ്ധ ചികിത്സ ലഭിക്കുന്നതിനുവേണ്ടി അടിയന്തരമായി കേരള സർക്കാർ ഇടപെടണമെന്നാണ്. മുമ്പ് കോയമ്പത്തൂർ ജയിലിൽ ആയി രുന്നപ്പോൾ, ശ്രീ. മഅ്ദനിക്ക് ആവശ്യമായ വൈദ്യ ശുശ്രൂഷ നൽകണ മെന്നും കേസ് കാലതാമസം കൂടാതെ സമയബന്ധിതമായി നടത്തിത്തീർക്ക ണമെന്നും ആവശ്യപ്പെട്ടുകൊണ്ട് അന്നത്തെ മുഖ്യമന്ത്രി ശ്രീ. വി.എസ്. അച്ചു താനന്ദന്റെ നേതൃത്വത്തിൽ തമിഴ്നാട് മുഖ്യമന്ത്രി ശ്രീ. കരുണാനിധിക്ക് നിവേദനം നൽകിയിരുന്നു. ഇപ്പോൾ ബാംഗ്ലൂർ ജയിലിൽ കിടക്കുന്ന മഅ്ദനി യുടെ കേസ് കർണ്ണാടക ഗവൺമെന്റ് നടത്തുന്നത് പ്രത്യേക രീതിയിലാണ്. അതിനേക്കുറിച്ച് പ്രത്യേകമായ ആക്ഷേപമൊന്നും ഉന്നയിക്കുവാൻ പാടില്ല. നിയമം നിയമത്തിന്റെ വഴിക്ക് പോകണം. ജയിലിന്റെ മൂന്നാമത്തെ നിലയി ലാണ് കോടതി സ്ഥാപിച്ചിരിക്കുന്നത്. ബാംഗ്ലൂരിൽ നിന്ന് രണ്ടര മണിക്കൂർ യാത്ര ചെയ്താൽ മാത്രമേ ഈ സ്ഥലത്ത് എത്തുവാൻ സാധിക്കൂ. മാത്രമല്ല,

ജയിലിലെ കോടതിയിൽ പോയി കേസ് വിചാരണ നടത്തണമെങ്കിൽ അവിടെ കടന്നുചെല്ലുന്ന വക്കീലന്മാരെ മുഴുവൻ ദേഹപരിശോധന നടത്തും. അതൊക്കെ ജയിലിലെ ചട്ടങ്ങളാണ്. ഈ ജയിൽ ചട്ടങ്ങൾക്ക് വിധേയമായി പ്രസ്തുത കോടതിയിൽ പോയി മഅ്ദനിക്ക് വേണ്ടി വാദിക്കാൻ സാധാരണ ഗതിയിൽ പ്രശസ്തരായ, അംഗീകാരമുള്ള വക്കീലന്മാർ വിസമ്മതിക്കുന്ന സ്ഥിതിവിശേഷം അവിടെ നിലനിൽക്കുന്നുണ്ട്. ഇത് വളരെ ഗുരുതരമായ സ്ഥിതിയാണ്. മതേതര മൂല്യങ്ങൾ ഈ രാജ്യത്ത് സംരക്ഷിക്കപ്പെടണമെന്ന് ആഗ്രഹിക്കുന്നവർ മനസ്സിലാക്കേണ്ടത്, മുസ്ലീം ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വരോട് വൈരാഗ്യമനഃസ്ഥിതിയോടുകൂടി അന്വേഷണ ഏജൻസികളും ഉദ്യോ ഗസ്ഥരും പെരുമാറുന്ന സ്ഥിതി വിശേഷം നമ്മുടെ രാജ്യത്തുണ്ട്. ഇതിന്റെ ഫലമായി 14-ഉം 18-ഉം വർഷം ഭീകരപ്രവർത്തനം നടത്തിയെന്ന് ആരോപിച്ച് ആളുകളെ ജയിലിൽ പിടിച്ചിടുകയും ഒടുവിൽ കോടതി അവർ നിരപരാധിക ളാണെന്ന് കണ്ട് വിട്ടയക്കപ്പെടുന്നതുപോലുള്ള സ്ഥിതിവിശേഷം ഉണ്ട്. സി. പി.ഐ (എം)-ന്റെ ജനറൽ സെക്രട്ടറി സഖാവ് പ്രകാശ് കാരാട്ടിന്റെ നേതൃത്വ ത്തിൽ ഒരു പ്രതിനിധി സംഘം ഇന്ത്യയുടെ രാഷ്ട്രപതിയെ കണ്ട് ഇതുപോലു ള്ള കേസുകൾ അവതരിപ്പിക്കുകയുണ്ടായി. ആ പ്രതിനിധി സംഘത്തിലെ രണ്ട് പേർ ജമ്മു കാശ്മീരിലെ താമസക്കാരായ ഇന്ത്യാക്കാരാണ്. അവർ 14 വർഷം ജയിലിൽ കിടന്ന ചെറുപ്പക്കാരാണ്. അതിൽ ഒരാൾ 18-ത്തെ വയസ്സിൽ അറസ്റ്റ് ചെയ്യപ്പെട്ട ആളാണ്. 14 വർഷം കഴിഞ്ഞ് കോടതി നിരപരാധിയാണെന്ന് കണ്ട് ജയിലിൽ നിന്ന് മോചിപ്പിക്കപ്പെട്ടു. അദ്ദേഹത്തിന് ഇപ്പോൾ 32 വയസ്സുണ്ട്. Unlawful Activities Prevention Act-ലെ ഒരു വ്യവസ്ഥ പാർലമെന്റ് ഗൗരവമായി ചർച്ച ചെയ്തതാണ്. നീതിന്യായ

സംവിധാനത്തിന്റെ അടിസ്ഥാന സമീപനം, ഒരാൾ കുറ്റമാരോപിക്കപ്പെട്ടാൽ നിരപരാധിയാണെന്ന് അയാൾതന്നെ തെളിയിക്കുകയാണ് വേണ്ടതെന്ന വ്യവസ്ഥ Unlawful Activities Prevention Act-ൽ ഉണ്ട്. ഇത് നിയമത്തിന്റെ അടിസ്ഥാന തത്വങ്ങളെത്തന്നെ ചോദ്യം ചെയ്യുന്ന വൈരുദ്ധ്യമാണ്. ഇതെല്ലാം പുന:പരിശോധിക്കേണ്ട കാര്യം പാർലമെന്റ് ആലോചിക്കേണ്ടതാണ്. ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ആവശ്യപ്പെടുന്നത് അതീവ ഗുരുതരാവസ്ഥയിൽ, വളരെ മാരകമായ രോഗങ്ങൾ ബാധിച്ച് കഴിയുന്ന ശ്രീ.മഅ്ദനിയുടെ ജീവൻ രക്ഷിക്കുവാൻ ആവശ്യമായ ചികിത്സാ സൗകര്യം കൊടുക്കുവാനുള്ള അടിയന്തരമായ ഇടപെടൽ സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണം. കേസ് സമയബന്ധിതമായി വിചാരണ നടത്തി അതിന്മേൽ തീരുമാനം ഉണ്ടാകണം. നിയമം നിമയത്തിന്റ വഴിക്ക് പോകണം. അതിൽ യാതൊരു സംശയവുമില്ല. അനിശ്ചിതമായി ഈ കേസ് നീട്ടികൊണ്ടുപോകുവാനുള്ള നീക്കം ഉണ്ടെന്നറിയുന്നു. 24 സാക്ഷികൾ ഉണ്ടായിരുന്നു. അവിടത്തെ ഗവൺമെന്റ് 4 സാക്ഷികളെ ഒഴിവാക്കി. ബാക്കി 20 സാക്ഷികളെ വിചാരണ ചെയ്തപ്പോൾ അവരിൽ ഒരാളും ശ്രീ. മഅ്ദനി എന്തെങ്കിലും കുറ്റത്തിൽ പങ്കെടുത്തതായി പറഞ്ഞിട്ടില്ല. ഈ കേസ് കെട്ടിച്ചമച്ചതാണെന്നുള്ള തരത്തിൽ പ്രശസ്തയായ പത്രപ്രവർത്തക അന്വേഷണാത്മകമായി പത്രപ്രവർത്തനം നടത്തി വിവരങ്ങൾ പുറത്തുകൊണ്ടുവന്നു. ആ പത്രപ്രവർത്തകക്കെതിരായി കടുത്ത വകുപ്പുകൾ ഉപയോഗിച്ച് കേസ്സെടുക്കുന്ന സമീപനം നിർഭാഗ്യവശാൽ കർണ്ണാടക ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടുണ്ട്. ഈ പശ്ചാത്തലത്തിൽ മുഖ്യമന്ത്രി അടിയന്തരമായി ഇടപെടണം. മുൻ എൽ.ഡിഎഫ് ഗവൺമെന്റിന്റെ

കാലത്ത് അന്നത്തെ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഒരു പ്രതിനിധി സംഘം തമിഴ്നാട് ഗവൺമെന്റിനെ പോയി കണ്ടതുപോലെ ഇപ്പോഴത്തെ മുഖ്യ മന്ത്രിയുടെ നേതൃത്വത്തിൽ ഗവൺമെന്റിന്റെ ഒരു പ്രതിനിധി സംഘം പോകാം, അല്ലെങ്കിൽ സർവ്വകക്ഷി സംഘം പോകണമെന്നാണെങ്കിൽ അതു ചെയ്യാം. ഈ വിഷയത്തിൽ വളരെ ഗൗരവമായി ഇടപെടാനും നടപടികൾ കൈകൊള്ളുവാനും തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. രമേശ് ചെന്നിത്തല: ബഹുമാനപ്പെട്ട സ്പീക്കർ സർ, വളരെ അടിയന്തര പ്രാധാന്യമായ ഒരു വിഷയമായതുകൊണ്ടാണ് ഞാൻ സഭയുടെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും ശ്രദ്ധ ഈ കാര്യത്തിൽ ക്ഷണിക്കാൻ ആഗ്രഹിക്കുന്നത്. ഇങ്ങനെയൊരു കീഴ്വഴക്കമില്ലായെന്നുള്ളത് എനിക്കറിയാം. ആയതിനാൽ എന്നോട് ക്ഷമിക്കണം. കഴിഞ്ഞ ദിവസം ഞാൻ കുന്നത്തൂരിൽ ഒരു പൊതുപാർട്ടി പരിപാടിക്ക് പോയ സന്ദർഭത്തിൽ മ്അദനിയുടെ മാതാപിതാക്കൾ എന്നെ കണ്ടിരുന്നു. മ്അദനി ഇന്ന് നേരിടുന്ന ആരോഗ്യ പ്രശ്നങ്ങളെ സംബന്ധിച്ച് അവർ എന്നോട് വളരെ വിശദമായി സംസാരിച്ചു. സത്യത്തിൽ അവർ വിശദീകരിച്ചപ്പോൾത്തന്നെ ഇത് അതീവ ഗൗരവസ്വഭാവമുള്ള ഒരു സംഭവമായി എനിക്ക് ബോധ്യപ്പെട്ടു. ഞാൻ കേസിന്റെ മെറിറ്റിലേക്കൊന്നും കടക്കുന്നില്ല. നിയമം നിയമത്തിന്റെ വഴിക്ക് പോകട്ടെ. ഈ സംസ്ഥാനത്തും നമ്മുടെ രാജ്യത്തും ഒരു പൗരന് ന്യായമായും നീതിപൂർവ്വമായും ലഭിക്കേണ്ട ചികിത്സ ഉറപ്പാക്കേണ്ടത് ഏതൊരു ഗവൺമെന്റിന്റേയും കടമയാണ്. സംസ്ഥാന ഗവൺമെന്റ് ഇക്കാര്യത്തിൽ നടപടി എടുക്കുകയും ഇക്കാര്യത്തെക്കുറിച്ച് കർണ്ണാടക ഗവൺമെന്റുമായി സംസാരിക്കുകയും മ്അദനിക്ക് ആവശ്യമായ ചികിത്സ നൽകാനുള്ള

നടപടികൾ സ്വീകരിക്കുകയും ചെയ്യണമെന്ന് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

**മ്അദനിക്ക് യഥാസമയം വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കൽ**

ശ്രീ. കോവൂർ കുഞ്ഞുമോൻ: സർ, ഇവിടെ സൂചിപ്പിച്ചതുപോലെ അത്യന്തം ഗുരുതരമായ സ്ഥിതിയാണ് മ്അദനിയുടെ ആരോഗ്യ പ്രശ്നത്തിൽ ഇപ്പോൾ നിലനിൽക്കുന്നത്. അദ്ദേഹത്തിന് ഷുഗറുള്ളതിനാൽ ഒരു കണ്ണിന്റെ കാഴ്ചശേഷി 95 ശതമാനത്തോളം നഷ്ടപ്പെട്ടു. അദ്ദേഹത്തിന്റെ മുറിച്ച കാലി നാണെങ്കിൽ ഒരു മുറിവ് വന്ന് അത് വലിയ വൃണമായി മാറിയിരിക്കുകയാണ്. മാനുഷിക പരിഗണന ഏതൊരു പൗരനും ലഭിക്കണമെന്നാണ് ഇവിടെ എല്ലാ വരും ആവശ്യപ്പെടുന്നത്. അദ്ദേഹത്തിന് മതിയായ ചികിത്സ ലഭിക്കുന്നതിനു വേണ്ടി സംസ്ഥാന ഗവൺമെന്റ് അടിയന്തിരമായി ഇടപെടണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

**മ്അദനിക്ക് യഥാസമയം വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കൽ**

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, വിചാരണ കൂടാതെ ഒരാളെ അനിശ്ചിതകാലത്തേക്ക് ജയിലിൽ അടയ്ക്കുന്നത് ശരിയല്ല എന്ന വ്യക്തമായ അഭിപ്രായമാണ് വ്യക്തിപരമായി എനിക്കും ഈ ഗവൺമെന്റിനുമുള്ളത്. ശ്രീ. മ്അദനിയെ കോയമ്പത്തൂർ ജയിലിൽ അടച്ച സമയത്ത് ഇതേ സമീപന മാണ് അന്ന് യു.ഡി.എഫ്. ഗവൺമെന്റ് എടുത്തത്. ശ്രീ. എം.എ. ബേബി യുടെ അറിവിലേയ്ക്കായാണ് ഞാനിത് പറയുന്നത്. ശ്രീ. മ്അദനിയെ കോയ മ്പത്തൂർ ജയിലിൽ അടച്ച സമയത്ത് കുമാരി ജയലളിതയായിരുന്നു അവി ടത്തെ മുഖ്യമന്ത്രി. അന്ന് ഞാനും ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും മുഖ്യമന്ത്രിയെ സന്ദർശിക്കുകയും ശ്രീ.

മ്അദനിക്ക് ആവശ്യമായ ചികിത്സ നൽകണമെന്നുള്ള ആവശ്യം ഉന്നയിക്കുകയും ചെയ്തിരുന്നു. അദ്ദേഹത്തിന്റെ കൃത്രിമകാൽ മാറ്റിവയ്ക്കണമെന്നുള്ള ആവശ്യം ഞങ്ങൾ ഉന്നയിച്ചപ്പോൾ അതിനുവേണ്ട നടപടികളെല്ലാം എടുക്കുമെന്ന് മുഖ്യമന്ത്രി അറിയിച്ചിരുന്നു. മറ്റൊരു സ്റ്റേറ്റായതിനാൽ നമുക്കിതിൽ ധാരാളം പരിമിതികളുണ്ട്. അദ്ദേഹം കോയമ്പത്തൂർ ജയിലിൽ കിടന്ന സമയത്തും ഇത്തരം പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ചെയ്യാൻ സാധിക്കുന്ന കാര്യങ്ങൾ ചെയ്യാൻ യു.ഡി.എഫ്. ഗവൺമെന്റ് ശ്രമിച്ചിട്ടുണ്ട്. കർണ്ണാടകത്തിലെ ഇത്തരം കാര്യങ്ങളെ സംബന്ധിച്ച് ഗവൺമെന്റിന് നിവേദനം ലഭിച്ച ഉടൻതന്നെ ആവശ്യമായ ചികിത്സ അദ്ദേഹത്തിന് നൽകണമെന്ന് പറഞ്ഞുകൊണ്ട് ഇവിടെ നിന്നും ഹോം സെക്രട്ടറി ആദ്യമായി അവിടേയ്ക്ക് കത്തയച്ചു. പ്രസ്തുത കത്തിന് 21-8-2012-ന് മറുപടിയും ലഭിച്ചു. കൂടാതെ ഒരു മാസം കഴിഞ്ഞപ്പോൾ മെഡിക്കൽ സർട്ടിഫിക്കറ്റ് ഉൾപ്പെടെയുള്ള വിശദമായ റിപ്പോർട്ട് കർണ്ണാടക ഗവൺമെന്റിൽ നിന്ന് ലഭിക്കുകയുണ്ടായി. ശ്രീ. മ്അദനിക്ക് ആവശ്യമായ എല്ലാ ചികിത്സയും നൽകുന്നുണ്ടെന്ന് അവർ അറിയിച്ചു. കെ.പി.സി.സി. പ്രസിഡന്റിന് ശ്രീ. മ്അദനിയുടെ മാതാപിതാക്കൾ നിവേദനം നൽകിയെന്ന് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. പ്രസ്തുത സാഹചര്യത്തിൽ അദ്ദേഹത്തിന് കൂടുതൽ മെച്ചപ്പെട്ട ചികിത്സ ലഭിക്കുന്നതിനുള്ള നടപടികൾ തീർച്ചയായും ഗവൺമെന്റ് സ്വീകരിക്കും. ഇതൊരു മനുഷ്യാവകാശമാണെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കും. വിചാരണ കൂടാതെ അനിശ്ചിതകാലം തടവിൽ കഴിയുന്ന ഈ പ്രശ്നത്തെക്കുറിച്ച് എല്ലാ രാഷ്ട്രീയ പാർട്ടികളും ഗൗരവമായി ചിന്തിക്കേണ്ടതാണ്.

**ഗോപിനാഥൻ നായർ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കൽ**

ശ്രീ. സി. കൃഷ്ണൻ: സർ, നമ്മുടെ സ്വാതന്ത്ര്യ പ്രസ്ഥാനത്തിന്റെയും സ്വദേശി പ്രസ്ഥാനത്തിന്റെയും പൈതൃകം ഉൾക്കൊള്ളുന്ന ഒരു വ്യവസായ മാണ് കേരളത്തിലെ ഖാദി വ്യവസായം. ഈ വ്യവസായം ഇന്ന് ഗുരുതര മായ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. മുൻ ഗവൺമെന്റിന്റെ കാലത്ത് ഈ വ്യവസായത്തെയും തൊഴിലാളികളെയും സംരക്ഷിക്കുന്നതിനു വേണ്ടി ചില നടപടികൾ സ്വീകരിച്ചിരുന്നു. മിനിമം കൂലി പ്രഖ്യാപിച്ചതും ഇൻകം സപ്പോർട്ട് സ്കീം കൊണ്ടുവന്നതും ഉൽപ്പാദന ഇൻസെന്റീവ് ഏർപ്പെ ടുത്തിയതുമെല്ലാം അതിന്റെ ഭാഗമാണ്. എന്നാൽ ഖാദി വ്യവസായത്തിൽ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി, തൊഴിലവസരങ്ങൾ സംരക്ഷിക്കുന്ന തിനുവേണ്ടി അതൊന്നും മതിയായിട്ടില്ല. 13000-ത്തിൽപ്പരം ചർക്കകൾ വിവിധ ഖാദി സ്ഥാപനങ്ങളിലുള്ളതിൽ 8000 ചർക്കകളും കാലഹരണപ്പെട്ടവ യാണ്. ഈ ചർക്കകൾ പത്തും പതിനഞ്ചും വർഷങ്ങൾക്കുമുമ്പ് സ്ഥാപിച്ചതിനാൽ അവയൊന്നും ഉപയോഗിക്കാൻ സാധിക്കുന്നില്ല. 5000-ത്തോളം തറികളുള്ളതിൽ 2000-ത്തോളം തറികളും ഇന്ന് ഉപയോഗ ശൂന്യമാ യിരിക്കുകയാണ്. ഈ വസ്തുതകളെല്ലാം പരിഗണിച്ചുകൊണ്ടാണ് ഖാദി വ്യവസായത്തെ നവീകരിച്ച് സംരക്ഷിക്കണമെന്നുള്ള നിർദ്ദേശം എല്ലാ സംഘടനകളും ഖാദി സ്ഥാപനങ്ങളും ചേർന്ന് മുന്നോട്ട് വച്ചത്. ഖാദി വ്യവ സായത്തെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാനായി ഗാന്ധി സ്മാരകനിധി യുടെ ചെയർമാനും ഗാന്ധിയനുമായ ശ്രീ. പി. ഗോപിനാഥൻ നായരെ ചെയർമാനാക്കിക്കൊണ്ട് ഒരു കമ്മിറ്റിയെ നിയമിക്കുകയുണ്ടായി. പ്രസ്തുത കമ്മിറ്റി ഇക്കാര്യത്തെക്കുറിച്ച് സമയബന്ധിതമായി പഠിച്ച് ഒരു റിപ്പോർട്ട് തയ്യാ

റാക്കുകയും 2012 മാർച്ച് മാസം 6-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ആ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. എന്നാൽ ഒൻപത് മാസം പിന്നി ട്ടിട്ടും ആ റിപ്പോർട്ടിന്റെ ഉള്ളടക്കം പരിശോധിച്ച് വ്യവസായ നവീകരണ ത്തിന് ആവശ്യമായ യാതൊരു നടപടികളും സ്വീകരിച്ച് കാണുന്നില്ല. ഈ നില തുടർന്നാൽ കേരളത്തിലെ ഖാദി വ്യവസായം പൂർണ്ണമായും തകരാ നുള്ള സാധ്യതയാണ് ഇന്ന് നിലനിൽക്കുന്നത്. ഇക്കാര്യത്തിൽ അടിയന്തര നടപടി ആവശ്യപ്പെട്ടുകൊണ്ട് കേരളത്തിലെ ഖാദി തൊഴിലാളികൾ ഈ സമ യത്ത് നിയമസഭാ മാർച്ചും സമരവും നടത്താൻ തയ്യാറെടുത്ത് നിൽക്കുക യാണ്. ഈ കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ആവശ്യ പ്പെടുന്നതിനുവേണ്ടിയും ഇക്കാര്യം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതി നുവേണ്ടിയുമാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്.

**ഗോപിനാഥൻ നായർ കമ്മിറ്റി റിപ്പോർട്ട് നടപ്പിലാക്കൽ**

സഹകരണവും ഖാദി-ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്ര ണവും വകുപ്പുമന്ത്രി (ശ്രീ. സി.എൻ. ബാലകൃഷ്ണൻ): സർ, ഖാദി വ്യവ സായ നവീകരണം സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നിയോഗിച്ച ഗോപിനാഥൻ നായർ കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ ഇവയാണ്. ചർക്കകളിൽ വൈദ്യുതി മോട്ടോറുകൾ ഉപയോ ഗിച്ച് പ്രവർത്തിപ്പിക്കുന്നതിന് ഖാദി കമ്മീഷന്റെ അനുമതി വാങ്ങുക, നിലവി ലുള്ള എട്ട് കതിർ ചർക്കകൾ പൂർണ്ണമായും വൈദ്യുത മോട്ടോർ ഉപയോഗിച്ച് ആധുനികവൽക്കരിച്ച് പ്രവർത്തിപ്പിക്കുക, ആറ് കതിർ ചർക്കകൾ പൂർണ്ണ മായും മാറ്റി വൈദ്യുതിവൽക്കരിച്ച് 8 കതിർ ചർക്കകളായി പ്രവർത്തിപ്പി ക്കുക, നെയ്ത്തുകാർക്ക് റെഡിമെയ്ഡ് പാവ് നൽകുക, പുതുതായി 3700

സെമി ആട്ടോമാറ്റിക് തറി സ്ഥാപിക്കുക എന്നിവ സർക്കാർ പരിശോധിച്ച് വരുന്നു. ഖാദിമേഖലയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി ഈ മാസം 19-ാം തീയതി ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചുചേർക്കുന്ന ബന്ധപ്പെട്ട മന്ത്രിമാരുടെ യോഗത്തിൽ ഈ വിഷയം കൂടി ചർച്ച ചെയ്യുന്നതാണ്. ഖാദി തൊഴിലാളികൾക്ക് മിനിമം കൂലി നൽകുന്നതിനുവേണ്ടിയാണ് ഇൻകം സപ്പോർട്ട് സ്കീമിൽ ഉൾപ്പെടുത്തി അനുവദിക്കുന്ന തുക ഉപയോഗിച്ചുവരുന്നത്. 2010-11-ൽ അനുവദിച്ച 1468 കോടി രൂപ ഉപയോഗിച്ച് തൊഴിലാളികൾക്ക് മാർച്ച് 12 വരെയുള്ള മിനിമം വേതനം നൽകി. 2012 -2013-ൽ 20 കോടി രൂപ ഇൻകം സപ്പോർട്ട് സ്കീമിൽ ഉൾപ്പെടുത്തി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക ഉപയോഗിച്ച് 2012 ഏപ്രിൽ മുതലുള്ള കുടിശ്ശിക ഉൾപ്പെടെ മിനിമം വേതനം തൊഴിലാളികൾക്ക് നൽകുവാൻ സാധിക്കും. ഖാദി തൊഴിലാളികൾക്ക് നൂൽപ്പ് നൂൽ കഴിക്ക് 30 പൈസയും നെയ്ത്തിന് ഒരു കഴിക്ക് 90 പൈസയുമാണ് ഉൽപ്പാദന ഇൻസെന്റീവായി ഇപ്പോൾ നൽകുന്നത്. സർക്കാർ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി അനുവദിക്കുന്ന തുക ഉപയോഗിച്ചാണ് ഇത് നൽകുന്നത്. 2012-13-ലെ പ്ലാൻ ഫണ്ട് തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മേൽ തുക ലഭ്യമാകുന്ന മുറയ്ക്ക് തൊഴിലാളികൾക്ക് ഉൽപ്പാദന ഇൻസെന്റീവ് കുടിശ്ശിക കൊടുത്തു തീർക്കാൻ സാധിക്കും.

**കുട്ടനാട് -ഓണാട്ടുകര പാക്കേജ്.**

ശ്രീ. സി. കെ. സദാശിവൻ: സർ, കുട്ടനാട്-ഓണാട്ടുകര കാർഷിക പാക്കേജ് താളംതെറ്റി പ്രതിസന്ധിയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്.

കുട്ടനാട് പാക്കേജാണെങ്കിൽ പാറ്റകളുടെ തീറ്റയായും ചിതലുകളുടെ കൂടായും മാറുമോയെന്നുള്ള സംശയത്തിലാണ്. ഡോ. സ്വാമിനാഥനെ തന്നെ അപമാനിക്കുന്ന രൂപത്തിലാണ് ഈ പ്രോജക്ടിന്റെ നടത്തിപ്പ് എന്നു പറയുന്നതിൽ ഖേദമുണ്ട്. പിടിപ്പുകേടും കെടുകാര്യസ്ഥതയും കൊണ്ട് ഊർദ്ധശ്വാസം വലിക്കുന്ന ഈ പ്രോജക്ടിനെ രക്ഷിക്കാൻ ഈ ഗവൺമെന്റിന് കഴിയുമോ എന്ന് ജനങ്ങൾ ഉറ്റുനോക്കുകയാണ്. കുട്ടനാട് ജനതയ്ക്ക് ഈ കാര്യത്തിൽ വലിയ ആശങ്കയാണുള്ളത്. കുട്ടനാടിന്റെ മുഖച്ഛായതന്നെ മാറ്റാൻ സാധിക്കുന്ന ഒരു പ്രോജക്ടാണ് ഇത് എന്നാണ് ജനങ്ങൾ ധരിച്ചത്. ഇന്ന് ജനങ്ങൾ ഇക്കാര്യത്തിൽ നിരാശരാണ്. ഡോ. സ്വാമിനാഥന്റെ നേതൃത്വത്തിൽ എല്ലാവിധ പഠനങ്ങളും പൂർത്തീകരിച്ചതിനു ശേഷമാണ് ഈ പ്രോജക്ടിന് അംഗീകാരം നൽകിയത്. 2008 ജൂലൈ മാസ ത്തിലാണ് ഈ പ്രോജക്ടിന് അംഗീകാരം ലഭിച്ചത്. ഇപ്പോൾ നാലര വർഷം പിന്നിട്ടിരിക്കുന്നു. 1840 കോടി രൂപയുടെ പദ്ധതിക്ക് കേന്ദ്രാനുമതി നൽകി ക്കൊണ്ട്, പദ്ധതി സംസ്ഥാന ഗവൺമെന്റ് തയ്യാറാക്കണമെന്നും 50 ലക്ഷം രൂപ വരെയുള്ള പദ്ധതിയുടെ ചെലവ് സംസ്ഥാന ഗവൺമെന്റ് വഹിക്കണ മെന്നും കേന്ദ്ര ഗവൺമെന്റ് നിർദ്ദേശിക്കുകയുണ്ടായി. 1840 കോടി രൂപയുടെ പ്രോജക്ടിനായി 1265 കോടി രൂപ കേന്ദ്ര ഗവൺമെന്റ് അനുവദിച്ചെങ്കിലും നാലര വർഷം കൊണ്ട് 136 കോടി രൂപ മാത്രമാണ് ചെലവഴിച്ചത്. ഇതിന്റെ അടിസ്ഥാനത്തിൽ ആലപ്പുഴ, കോട്ടയം ജില്ലകളിൽ 1197 പാടശേഖരങ്ങളുള്ള തിൽ 31 പാടശേഖരങ്ങളിൽ മാത്രമാണ് നിർമ്മാണം ആരംഭിച്ചിട്ടുള്ളത്. ഇപ്പോൾ ഈ പദ്ധതി നടപ്പിലാക്കണമെങ്കിൽ 1840 കോടി രൂപയുടെ

സ്ഥാനത്ത് 4225 കോടി രൂപ വേണം. അതായത്, 2385 കോടി രൂപ അധിക മായി ചെലവഴിക്കേണ്ടിവരും.

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം ചുരുക്കണം, ഇന്ന് 22 സബ്മിഷനുകളുണ്ട്.

ശ്രീ. സി. കെ. സദാശിവൻ: ഇതെങ്ങനെ സാധ്യമാകുമെന്ന് ഈ ഗവൺമെന്റ് വ്യക്തമാക്കണം. 13-ാം ധനകാര്യ കമ്മീഷനിൽ അംഗീകരിച്ച 17 പ്രോജക്ടുകൾക്കായി അനുവദിച്ച 300 കോടി രൂപയിൽ 15 കോടി രൂപ മാത്രമേ ചെലവഴിക്കാൻ സാധിച്ചിട്ടുള്ളൂ. എ.സി. കനാലിന് സമാന്തരമായി ഒരു തോട് നിർമ്മിക്കുന്നതിന്റെ ഒന്നാം ഘട്ടമായി 20 കോടി രൂപ അനുവദി ച്ചെങ്കിലും യാതൊരു പ്രവൃത്തിയും നടന്നില്ല. കയ്യേറ്റക്കാരെ പുനരധിവസിപ്പി ക്കാതെ ഈ കനാലിന്റെ നിർമ്മാണം നടക്കുമോ? കുട്ടനാടൻ ജനങ്ങളെ രക്ഷി ക്കാനുള്ള തണ്ണീർമുക്കം സ്പിൽവേ നവീകരിക്കാനുള്ള പദ്ധതി എങ്ങുമെത്തി യില്ല. ഒരുപൈസ പോലും അതിന് ചെലവഴിച്ചിട്ടില്ല. ഐ.ഐ.ടി. ചെന്നൈ യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ.....(മൈക്ക് ഓഫ്)..........

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗം......പ്ലീസ്............22 സബ്മിഷ നുണ്ട്, സഹകരിക്കണം. ..........

ശ്രീ. സി. കെ. സദാശിവൻ: സർ, കുട്ടനാടിന്റെ കാര്യം മാത്രമേ പറ ഞ്ഞുള്ളൂ. ഓണാട്ടുകരയെക്കുറിച്ച് ഒരുവാക്ക് പറഞ്ഞ് ഞാൻ അവസാനി പ്പിക്കാം. ഓണാട്ടുകര പദ്ധതിക്കുവേണ്ടി 248 കോടി രൂപ അനുവദിച്ചെങ്കിലും ഒരു രൂപപോലും ഇതുവരെയും ചെലവഴിച്ചിട്ടില്ല. ഞാൻ കൂടുതലൊന്നും പറയുന്നില്ല. ബ്രഹ്മോസിന്റെ ചാക്ക യൂണിറ്റിന്റെ ഉദ്ഘാടനത്തിന് കേന്ദ്ര പ്രതിരോധ വകുപ്പുമന്ത്രി ശ്രീ. എ.കെ. ആന്റണി വന്നപ്പോൾ "എനിക്ക്

ധൈര്യം ചോർന്ന് ചോർന്ന് പോകുന്നുവെന്നാണ്" പറഞ്ഞത്.....................

(മൈക്ക് ഓഫ്) .........

**കുട്ടനാട് – ഓണാട്ടുകര പാക്കേജ്**

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചതുപോലെ നാലര വർഷം മുമ്പ് ആരംഭിച്ച ഈ പദ്ധതി വളരെ പതുക്കെയായിരുന്നു പോയിക്കൊണ്ടിരുന്നത്. ഇവിടെ പറഞ്ഞതുപോലെ ഏകദേശം 136 കോടി രൂപ മാത്രമാണ് ഇതുവരെ ചെലവഴിച്ചത്. എന്നാൽ ഇപ്പോൾ ഒന്നര വർഷമായി 96 കോടിയിലധികം രൂപ ഈ പദ്ധതിക്കായി ചെലവഴിക്കുകയുണ്ടായി. ഓണാട്ടുകര കാർഷിക പാക്കേജിനെക്കുറിച്ചാണ് ഇവിടെ ബഹുമാനപ്പെട്ട അംഗം വളരെ സ്ട്രസ്സ് ചെയ്ത് പറയുന്നത്. കുട്ടനാട് പാക്കേജിൻകീഴിൽ ഓണാട്ടുകര മേഖലയ്ക്കായി ഉൾപ്പെട്ടിട്ടുള്ള പദ്ധതികൾ നടപ്പിലാക്കിവരുന്നു. ഓണാട്ടുകര മേഖലയ്ക്കായി കുട്ടനാട് പാക്കേജിൻകീഴിൽ നടപ്പിലാക്കുന്ന പദ്ധതികൾ വളരെ ദ്രുതഗതിയിൽത്തന്നെ നടന്നുവരികയാണ്. ഫുഡ് സെക്യൂരിറ്റി മിഷന്റെ 1.65 കോടി രൂപയുടെ പദ്ധയിൻകീഴിൽ 2009-10 കാലയളവിൽ 1199 ഹെക്ടർ പ്രദേശത്ത് അധികമായി കൃഷിയിറക്കിയിട്ടുണ്ട്. ഓണാട്ടുകരയിലെ നിലവിലുള്ള കുളങ്ങൾ, തോടുകൾ, നീരൊഴുക്കുകൾ, പുഴകൾ എന്നിവയുടെ പുനരുദ്ധാരണത്തിനായി 252.75 കോടി രൂപയുടെ പദ്ധതിക്ക് അനുമതി ലഭിച്ചിട്ടുണ്ട്. ഇറിഗേഷൻ വകുപ്പ് നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ 12 നീർത്തട പദ്ധതികളുടെ പ്രവൃത്തികളാണ് ഉൾപ്പെട്ടിട്ടുള്ളത്. കുട്ടനാട് പാക്കേജിൻകീഴിൽ കൃഷിവകുപ്പു മുഖേന കാർഷികയന്ത്രങ്ങൾ ലഭ്യമാക്കുന്ന പദ്ധതി ഓണാട്ടുകരയിലെ കർഷ

കർക്കും പ്രയോജനപ്രദമാണ്. ഓണാട്ടുകരയിലെ കാർഷിക ഗവേഷണ കേന്ദ്രം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 1.19 ലക്ഷം രൂപയുടെ അനുമതി ലഭിച്ചിട്ടുള്ളതും നാളിതുവരെയായി 1.60 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതുമാണ്. 13-ാം ധനകാര്യകമ്മീഷൻ ഫണ്ടിന്റെ കീഴിൽ ഓണാട്ടുകര കാർഷിക ഗവേഷണ കേന്ദ്രത്തിനായി 1,02,55,000 രൂപയുടെ പദ്ധതിക്കും അനുമതി ലഭിച്ചിട്ടുണ്ട്. പ്രാദേശിക നെൽവിത്തിനങ്ങളുടെ സംരക്ഷണവും നെൽക്കൃഷി ചെയ്യുന്ന മണ്ണിനങ്ങളുടെ ജൈവപുനരുജ്ജീവനവുമാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സർക്കാർ സത്വര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബന്ധപ്പെട്ട മന്ത്രി, ചീഫ് സെക്രട്ടറി, കാർഷിക ഉൽപ്പാദന കമ്മീഷണർ എന്നിവർ തലവന്മാരായ പ്രോസ്പിരിറ്റി കൗൺസിൽ, കോ-ഓർഡിനേഷൻ കമ്മിറ്റി, ടാസ്ക് ഇംപ്ലിമെന്റേഷൻ കമ്മിറ്റി എന്നീ കമ്മിറ്റികൾ യോഗം ചേർന്ന് പുരോഗതി അവലോകനം നടത്തുകയും പദ്ധതിയുടെ നിർവ്വഹണം ത്വരിതപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്തെങ്കിലും അപാകതകളോ കൂടുതൽ നിർദ്ദേശങ്ങളോ ഉണ്ടെങ്കിൽ ബഹുമാനപ്പെട്ട അംഗത്തിന് സൂചിപ്പിക്കാവുന്നതാണ്.

## പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകൾ

ശ്രീ. പി. സി. ജോർജ്: സർ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ പാലാ ഡിവിഷനിലെ ഈരാട്ടുപേറ്റ സെക്ഷൻ ബൈഫർക്കേറ്റ് ചെയ്ത് തീക്കോയി എന്ന സ്ഥലത്തും പൊൻകുന്നം ഡിവിഷനിലെ കാഞ്ഞിരപ്പള്ളി സെക്ഷൻ ബൈഫർക്കേറ്റ് ചെയ്ത് പാറത്തോട്ടിലും എരുമേലി സെക്ഷൻ ബൈഫർക്കേറ്റ് ചെയ്ത് പമ്പാവാലിയിലും പുതിയ സെക്ഷൻ ഓഫീസുകൾ

ആരംഭിക്കണമെന്നുള്ളതാണ് എന്റെ ആവശ്യം. മലയോര മേഖലയായ പൂഞ്ഞാർ നിയോജകമണ്ഡലത്തിൽപ്പെട്ട ഈ മേഖലയിൽ, സ്റ്റാഫിന്റേയും സെക്ഷൻ ഓഫീസിന്റെയും അപര്യാപ്തതകൊണ്ട് വളരെയേറെ ബുദ്ധിമുട്ടുകൾ അനുഭവിക്കുകയാണ്. ഒരു അസിസ്റ്റന്റ് എഞ്ചിനീയറും രണ്ട് എസ്. എസും മൂന്ന് സബ് എഞ്ചിനീയറും ഒരു സീനിയർ അസിസ്റ്റന്റും നാല് ഓവർസിയർമാരും പന്ത്രണ്ട് ലൈൻമാന്മാരും ആറ് വർക്കർമാരും ചേർന്നാണ് ഈ മേഖലയിലെ മുഴുവൻ ജോലികളും ചെയ്യുന്നത്. ഈ മേഖലയിലെ മൊത്തം ജോലികളും ഇവരെക്കൊണ്ടുമാത്രം എങ്ങനെ ചെയ്യാൻ കഴിയും. ഇക്കാര്യത്തെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രിയോട് സംസാരിക്കുമ്പോൾ അതിന് ഫൈനാൻസ് സാങ്ഷനില്ലെന്നാണ് അദ്ദേഹം പറയുന്നത്. ഇലക്ട്രിസിറ്റി ബോർഡിന് ഇതുപോലെ പണമുള്ളപ്പോൾ സ്റ്റേറ്റ് ഫൈനാൻസ് ഡിപ്പാർട്ടുമെന്റിന്റെ സാങ്ഷൻ വേണമെന്ന് പറയുന്നതിന്റെ ആവശ്യമെന്താണ്? ഇലക്ട്രിസിറ്റി ബോർഡ് ആവശ്യത്തിന് ഫീസും വൈദ്യുതി ചാർജ്ജുമൊക്കെ വാങ്ങിക്കൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിലും ഫൈനാൻസ് ഡിപ്പാർട്ടുമെന്റിന്റെ സാങ്ഷനുവേണ്ടി നടക്കുന്നത് ശരിയല്ല. എത്രയും വേഗം ഈ നാടിനെ രക്ഷിക്കാൻ ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി തയ്യാറാകണമെന്ന് മാത്രമാണ് അഭ്യർത്ഥിക്കാനുള്ളത്.

<u>**പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകൾ**</u>

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി <u>(ശ്രീ. ആര്യാടൻ മുഹമ്മദ്)</u>: സർ, ബഹുമാനപ്പെട്ട അംഗം പി.സി. ജോർജ് ഇവിടെ ചൂണ്ടിക്കാണിച്ച കാര്യം ശരിയാണ്. അദ്ദേഹത്തിന്റെ കോൺസ്റ്റിറ്റ്യുവൻസിയിൽപ്പെട്ട കാഞ്ഞിരപ്പള്ളി വിഭജിച്ച് പാത്താട് ഒരു യൂണിറ്റ് ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

അതുപോലെതന്നെ കാഞ്ഞിരപ്പള്ളിയിലേയും മുണ്ടക്കയത്തിന്റെയും എരുമേലിയിലെയും ചില ഭാഗങ്ങൾ വിഭജിച്ച് പാറത്തോട് ഒരു സെക്ഷൻ ഓഫീസ് ആരംഭിക്കാനുള്ള നടപടികൾ പൂർത്തിയായിക്കഴിഞ്ഞു. രണ്ടാമതായി, കേരളത്തിലെ ഏറ്റവും വലിയ സെക്ഷൻ, 24,060 കൺസ്യൂമേഴ്സും 198 കിലോമീറ്റർ പരിധിയുമുള്ള സെക്ഷൻ ഓഫീസ് വിഭജിച്ച് തിക്കോയിയിൽ തുടങ്ങാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട ജോർജ് മൂന്നും നാലും സെക്ഷൻ ഓഫീസുകൾ ആരംഭിക്കമെന്നാണ് പറയുന്നത്. അതൊന്നും നടക്കില്ല, ഈ രണ്ട് സെക്ഷനുകളുടെ പ്രവർത്തനം ഉടൻ തന്നെ ആരംഭിക്കുന്നതാണ്. അവിടെ സ്റ്റാഫിന്റെ അപര്യാപ്തതയുണ്ട്. ഇതിനായി 812 സ്റ്റാഫുകളെ ആവശ്യമുള്ളതിൽ 320-350 സ്റ്റാഫിനെയെങ്കിലും ലഭിച്ചാൽ റീ-ഡിപ്ലോയ്മെന്റ് നടത്തി പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്താൻ കഴിയും. അതിനാവശ്യമായ സാങ്ഷൻ വാങ്ങി ഉടൻതന്നെ സെക്ഷൻ ഓഫീസുകളുടെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

**കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ അഭാവത്താലുള്ള യാത്രാക്ലേശം**

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, കെ.എസ്.ആർ.ടി.സി.-ക്കുതന്നെ ഏറ്റവുമധികം ലാഭം ഉണ്ടാക്കിത്തരുന്ന ഒന്നാണ് ചെങ്ങന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോ. കഴിഞ്ഞ മണ്ഡല-മകരവിളക്ക് കാലത്തുമാത്രം അവിടെ നിന്ന് **3,25,00,000** രൂപയുടെ വരുമാനമാണ് ലഭിച്ചത്. അതുകൂടാതെ എല്ലാമാസവും അഞ്ച് ദിവസത്തെ ശബരിമല തീർത്ഥാടനം വഴി അഞ്ച് ലക്ഷം രൂപവച്ച് ലഭ്യമാകുന്ന ഒരു ഡിപ്പോയാണ്. ഇതുവരെ അവിടെ നിന്ന് ശബരിമലയിലേയ്ക്ക് 2000 ട്രിപ്പുകൾ ഓപ്പറേറ്റ് ചെയ്തുകഴിഞ്ഞു. ശബരിമല സർവ്വീസ് നന്നായി നടത്തുന്ന ഈ ഡിപ്പോയ്ക്ക് ശബരിമലയുടെ അല്ലാതെ അവിടെ

നിന്നുള്ള സർവ്വീസുകൾക്ക് വേണ്ടി 72 ബസ്സുകൾ മാത്രമാണുള്ളത്. അതിൽത്തന്നെ 10 വർഷം കഴിഞ്ഞ 15 ബസ്സുണ്ട്. അതുകൊണ്ട് ബസ്സിന്റെ കാലപ്പഴക്കം കൊണ്ടും 32 ഡ്രൈവർമാരുടെയും 25 കണ്ടക്ടർമാരുടെയും ഷോർട്ടേജ് കൊണ്ടും ആ മേഖലയിലുള്ള ശരാശരി ആറോളം ട്രിപ്പുകൾ കാൻസൽ ചെയ്യുന്ന സാഹചര്യമുണ്ട്. അതുകൊണ്ട് പി.എസ്.സി. വഴിയുള്ള നിയമനത്തിൽ മുന്തിയ പരിഗണന കൊടുത്ത് ഡ്രൈവർമാരുടെയും കണ്ടക്ടർമാരുടെയും കുറവ് പരിഹരിക്കാനുള്ള നടപടി അടിയന്തരമായി ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. അതോടൊപ്പംതന്നെ ഇത്രയും ലാഭം നൽകുന്ന ഒരു ഡിപ്പോയെന്ന നിലയിൽ അവിടെ നിന്ന് ഒരു അന്തർസംസ്ഥാന സർവ്വീസ് ആരംഭിക്കണമെന്നുള്ളത് ദീർഘകാല ആവശ്യം പരിഗണിച്ച് ചെങ്ങന്നൂരിൽ നിന്നും തമിഴ്നാടിലേയ്ക്ക് ഒരു അന്തർ സംസ്ഥാന സർവ്വീസുകൂടി അനുവദിക്കണമെന്ന് ഈ അവസരത്തിൽ വിനീതമായി അങ്ങയുടെ ശ്രദ്ധയിൽകൊണ്ടുവരികയാണ്.

**കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ അഭാവത്താലുള്ള യാത്രാക്ലേശം**

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ചെങ്ങന്നൂരിൽ നിലവിൽ 72 ഷെഡ്യൂളുകളും 65 ബസ്സുകളുമാണുള്ളത്. 72 ഷെഡ്യൂളുകൾക്കു പുറമേ പഞ്ചനക്ഷത്ര ക്ഷേത്രങ്ങളിലേയ്ക്ക് താൽക്കാലികമായി അഞ്ച് ഷെഡ്യൂളുകൾക്കുള്ള ഏർപ്പാട് ഇപ്പോൾ ചെയ്തിട്ടുണ്ട്. അതിനുപുറമേ ശബരിമലയുടെ പ്രാധാന്യം കണക്കിലെടുത്ത് ചെങ്ങന്നൂർ റെയിൽവേ സ്റ്റേഷനിൽ നിന്നും 55 ബസ്സുകൾ ഈരാറ്റുപേട്ടയിലേയ്ക്കും പമ്പയിലേയ്ക്കും ഈ ഫെസ്റ്റിവെൽ തീരുന്നതുവരെ ഓടിക്കാനുമുള്ള ഏർപ്പാട് ചെയ്തിട്ടുണ്ട്. അത് ഫലപ്രദമായി നടക്കുന്നുണ്ട്. ഇവിടെ പറഞ്ഞതു

പോലെ ശബരിമലയ്ക്കുവേണ്ടി പ്രത്യേകം നൽകിയ ബസുകളിൽ മുഴുവൻ ജീവനക്കാരെയും വച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ ചില സന്ദർഭങ്ങളിൽ അസാധാരണ റൂട്ടുകളിലെ ട്രിപ്പുകൾ ചിലപ്പോൾ കാൻസൽ ചെയ്യാറുണ്ട്. അത് പരമാവധി ഇല്ലാതാക്കാൻ ശ്രമിക്കാം. എംപ്ലോയ്മെന്റിൽ നിന്നും എംപാനലിലേയ്ക്ക് കുറേ കണ്ടക്ടർമാരെ റിക്രൂട്ട് ചെയ്തിട്ടുണ്ട്. പി.എസ്.സി. വഴിയുള്ള ഡ്രൈവർമാരുടെ സെലക്ഷൻ പ്രോസസ്സ് കഴിഞ്ഞിരിക്കുന്ന സാഹചര്യത്തിൽ പി.സി.യിലേയ്ക്കും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അതുകൊണ്ട് ആ പ്രശ്നം തീരുമെന്നാണ് വിശ്വസിക്കുന്നത്. അതുകൊണ്ട് ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലുള്ള എന്തെങ്കിലും പ്രയാസങ്ങൾ ഉണ്ടെങ്കിൽ അത് പരിഹരിക്കാനുള്ള നടപടി കൈക്കൊള്ളുന്നതാണ്.

**<u>ജലവൈദ്യുത പദ്ധതിക്കായുള്ള ഭൂമിക്ക് ന്യായവിലയും പുനരധിവാസ പാക്കേജും</u>**

<u>ശ്രീ. എസ്. രാജേന്ദ്രൻ</u>: സർ, അങ്ങയെ വളരെയധികം സ്നേഹിക്കുന്ന മാങ്കുളം നിവാസികളുടെ അഭ്യർത്ഥനയാണ് ഞാൻ ഇവിടെ ഉന്നയിക്കുന്നത്. മാങ്കുളം ഹൈഡ്രോ ഇലക്ട്രിക് പവർ പ്രോജക്ടിന്റെ പീഢിത കർഷക അവകാശ സംരക്ഷണ സമിതിയാണ് ഇന്നത്തെ പ്രധാനപ്പെട്ട ആവശ്യങ്ങൾ ഉന്നയിക്കുന്നത്. ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് അവിടെ കുറെയേറെ പ്രശ്നങ്ങൾ നിലനിൽക്കുന്നുവെന്ന് അങ്ങേയ്ക്കറിയാം. മറ്റ് മേഖല പോലെത്തന്നെ പ്രാദേശിക വില നിശ്ചയിച്ചുകൊണ്ട് വീടുകൾക്കും ദേഹണ്ഡങ്ങൾക്കും നഷ്ട പരിഹാരവും ഭൂമിയുടെ വിലയും നിശ്ചയിച്ചുകൊടുക്കാൻ ഒരു പർച്ചേസ് കമ്മിറ്റി, ജനപ്രതിനിധികളും ആൾ പാർട്ടി നേതാക്കളും കൂടുന്ന ഒരു യോഗവും ആ നിലയിലേയ്ക്കുള്ള ഒരു ഉത്തരവുണ്ടാകണമെന്നും

സമയബന്ധിതമായി വില നിശ്ചയിക്കുന്നതിന് ആ കമ്മിറ്റിയെ ഏൽപ്പിക്കുവാനുള്ള നിലപാട് സ്വീകരിക്കണമെന്നുള്ളതുമാണ് അവരുടെ ആവശ്യം. കൃഷ്ണൻ കുട്ടി എന്നുപറയുന്ന ഒരാളിന് റോഡ് സൈഡിൽ 4 സെന്റ് ഭൂമി മാങ്കുളം സിറ്റിയിലുണ്ട്. കാർഷികോപകരണ നിർമ്മാണാലയവും വീടും കൂടെയുള്ള ഒരാളിന് 1,15,000 രൂപയാണ് വില നിശ്ചയിച്ചിരിക്കുന്നത്. ഇന്നത്തെ സാഹചര്യത്തിൽ അന്നത്തെപ്പോലെയുള്ള വീട് വയ്ക്കാനുള്ള അവസരമുണ്ടാകില്ല, അന്നത്തെ വില കിട്ടില്ല. ദേഹണ്ഡങ്ങൾ വച്ചുപിടിപ്പിക്കാൻ സമയബന്ധിതമായ പ്രശ്നങ്ങളുണ്ട്. ഇതെല്ലാം മനസ്സിലാക്കിക്കൊണ്ടുള്ള പ്രയാസം അങ്ങ് കാണുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു. ഇത്തരത്തിലുള്ള പ്രശ്നങ്ങൾ ധാരാളമുണ്ട്. അവ പൂർണ്ണമായും പറയാൻ കഴിയില്ലെന്ന് എനിക്കറിയാം. എന്നാലും 250 കുടുംബത്തിൽപ്പെട്ട അംഗങ്ങളുടെയും അവരുടെ പിൻഗാമികളുടെയും ജീവിത പ്രശ്നത്തിലുള്ള ആശങ്ക ദൂരീകരിക്കണമെന്നുള്ള ഒരു അഭ്യർത്ഥനയാണ് ഈ സബ്മിഷനിലുള്ളത്. ഇന്ന് കെ. എസ്. ഇ. ബി. യുടെ ഓഫീസിനുമുമ്പിൽ അവകാശ സമര സമിതിയുടെ നേതൃത്വത്തിൽ സമരവും കഞ്ഞിവയ്പ്പുമൊക്കെയായി അവർ നിൽക്കുകയാണ്. അവരുടെ പ്രശ്നങ്ങൾ അനുഭാവപൂർണ്ണമായി പരിഹരിക്കുന്നതിനുള്ള നിലപാട് സ്വീകരിക്കണമെന്നാണ് എന്റെ അഭ്യർത്ഥന.

## **ജലവൈദ്യുത പദ്ധതിക്കായുള്ള ഭൂമിക്ക് ന്യായവിലയും പുനരധിവാസ പാക്കേജും**

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, മാങ്കുളം പദ്ധതി സ്ഥിതിചെയ്യുന്നത് 130.58 ഏക്കർ സ്ഥലത്താണ്. ഇത്രയും ഭൂമി ഏകദേശം 252 ആളുകളിൽ നിന്നാണ് എടുക്കേണ്ടത്. ഈ

ഭൂമി എടുക്കാനായി ബഹുമാനപ്പെട്ട മെമ്പർ അഭിപ്രായപ്പെട്ടതുപോലെ കളക്ടർ ചെയർമാനായി 2008-ൽ ഒരു കമ്മിറ്റി വച്ചു. 5 കൊല്ലമായിട്ടും ഒരു സെന്റ് ഭൂമി പോലുമെടുക്കാൻ സാധിച്ചില്ല, ഒരാളുടെ ഭൂമിയുമെടുക്കാൻ സാധിച്ചില്ല. ഞാൻ അവരെ കുറ്റപ്പെടുത്തില്ല. അവിടെ കുറെയധികം ആളു കൾ ട്രെസ്പാസ് ചെയ്ത ആളുകളാണ്. അതുകൊണ്ട് അവർക്ക് പട്ടയമില്ല. പട്ടയമില്ലാത്തവർക്ക് പട്ടയ ലാന്റിന് നൽകുന്ന നഷ്ടപരിഹാരം നൽകാൻ സാധിക്കില്ലെന്നാണ് അന്ന് കളക്ടറും ബാക്കിയുള്ള ആളുകളും അദ്ദേഹം പറഞ്ഞ കമ്മിറ്റിക്കാരുമെടുത്ത സ്റ്റാന്റ്. അതുകൊണ്ട് ഭൂമി കിട്ടിയില്ല. എന്നാൽ ഈ ഗവൺമെന്റ് ഒരു തീരുമാനമെടുത്തു. 5 കൊല്ലം തുടർച്ചയായി ഭൂമി കൈവശമുള്ള ആളുകളാണെങ്കിൽ അവർക്ക് പട്ടയ ലാന്റിന് കൊടു ക്കുന്ന കോമ്പൻസേഷൻ തന്നെ കൊടുക്കാൻ തീരുമാനിച്ചു. അങ്ങനെ തീരു മാനിച്ചതിന്റെ ഫലമായി ഇപ്പോൾ അവരിൽ നിന്ന് 2011 ആഗസ്റ്റ് മാസത്തിൽ 8.9 ഏക്കറും പിന്നീട് നെഗോഷ്യേറ്റ് ചെയ്തിട്ട് 52 ആളുകളിൽ നിന്നും 17-12-12-ൽ 29.86 ഏക്കറും ലഭ്യമായിട്ടുണ്ട്. ബാക്കി കൂടി അവരോട് നെഗോഷ്യേറ്റ് ചെയ്തുകൊണ്ടിരിക്കുകയാണ്. ആ നെഗോസിയേഷൻ ഇന്നും അവിടെ നടക്കുകയാണ്. അതിന്റെ മീറ്റിംഗ് നടത്തുകയാണ്. അതു കൊണ്ടായിരിക്കും ചിലപ്പോൾ ഇന്ന് കഞ്ഞിവയ്ക്കുന്നത്. ഏതായാലും ഇതിന്റെ നെഗോസിയേഷൻ നടക്കണം. ഇത് വാസ്തവത്തിൽ മാങ്കുള ത്തിനും നമുക്കും വളരെ സാദ്ധ്യതയുള്ള പ്രോജക്ടാണ്. ഗവൺമെന്റ് ചെയ്യാൻ കഴിയുന്നതൊക്കെ ചെയ്തുകഴിഞ്ഞു. ഇനിയും കിട്ടാതെ വരികയാ

ണെങ്കിൽ .....അതിന് നമ്മൾ ഇപ്പോൾ ഫോർ വൺ നോട്ടിഫിക്കേഷനും ഇറക്കി കഴിഞ്ഞു.

**സബ് ആർ. ടി. ഓഫീസ് അപ്ഗ്രഡേഷൻ**

ശ്രീ. സി. മമ്മൂട്ടി: സർ, തിരൂരിലെ സബ് ആർ. ടി. ഓഫീസ് റൂറൽ ആർ. ടി. ഓഫീസായി ഉയർത്തണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. റൂറൽ ആർ. ടി. ഓഫീസ് ആരംഭിക്കുന്നതിനാവശ്യമായ എല്ലാ ഘടകങ്ങളും അതിന്റെ പാരമ്യതയിൽ നിൽക്കുന്ന ഒരു ഓഫീസാണ് തിരൂർ. കേരളത്തിൽ ഇപ്പോൾ ഏറ്റവും കൂടുതൽ പ്രൈവറ്റ് ബസ് സർവ്വീസ് അതായത് 3400 ബസ് സർവ്വീസ് നടത്തുന്നത് മലപ്പുറം ജില്ലയിലാണ്. അതിൽ ഏതാണ്ട് 2000 ബസ്സുകളും സർവ്വീസ് നടത്തുന്നത് തിരൂർ മേഖലയിൽ നിന്നാണ്. വാഹന ങ്ങളുടെ കണക്കെടുത്താൽ ഏതാണ്ട് 5 ലക്ഷത്തോളം വാഹനങ്ങൾ ഇപ്പോൾ തിരൂർ മേഖലയിൽ മാത്രമുണ്ട്. കഴിഞ്ഞ വർഷത്തെ തിരൂർ സബ് ആർ. ടി. ഓഫീസിലെ കളക്ഷൻ 27 കോടി രൂപയാണ്. ഈ വർഷം അത് 30 കോടി രൂപയായി, ടാർഗറ്റ് ഇട്ടിരിക്കുകയാണ്. മാത്രമല്ല, ചമ്രവട്ടം പുതിയ പാലം തുറന്നതോടുകൂടി വാഹനത്തിരക്ക് 40 കി. മീ. എറണാകുളം-കോഴിക്കോട് റോഡിൽക്കൂടിയുള്ള വാഹനത്തിരക്ക് വളരെ കൂടുതലായിരിക്കുകയാണ്. ഇനി വരാൻ പോകുന്നത് വെങ്ങളം-പൊന്നാനി ഹൈവേയാണ്. അതുകൂടി വരുമ്പോൾ തിരക്ക് ഒന്നുകൂടി ഇരട്ടിക്കുകയാണ്. പക്ഷേ ഇത്രയും തിരക്കൊ ന്നുമില്ലാത്ത തിരുവനന്തപുരം ജില്ലയെ വിഭജിച്ച് ഒരു ഓഫീസ് ആറ്റിങ്ങലിലും കൊല്ലം ജില്ലയെ ഇതുപോലെ വിഭജിച്ച് കൊട്ടാരക്കരയിലും കോഴിക്കോട് ജില്ലയെ വിഭജിച്ച് വടകരയിലും ഒരു ഓഫീസ് ആരംഭിച്ചിട്ടുണ്ട്. അതിനേ ക്കാൾ എല്ലാംകൊണ്ടും തിരക്ക് കൂടിയിരിക്കുന്ന ധാരാളം സ്ഥാപനങ്ങളുള്ള -

മൂന്ന് യൂണിവേഴ്സിറ്റികൾ, പൊന്നാനി–താനൂർ പുതിയ ഫിഷിംഗ് ഹാർബർ,. മലയാള സർവ്വകലാശാല, ആയുർവ്വേദ സർവ്വകലാശാല, കാലിക്കട്ട് യൂണിവേഴ്സിറ്റി - ഇതൊക്കെ വരുന്നത് ഈ ജില്ലയിലാണ്. മാത്രമല്ല എടപ്പാളിലുള്ള ഡ്രൈവേഴ്സിന്റെ ഏറ്റവും വലിയ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്, അതും ഇതിന്റെ കീഴിലാണ് വരുന്നത്. ചുരുക്കിപ്പറഞ്ഞാൽ ഇത്രയും തിരക്കുള്ള ഇവിടെ മറ്റ് ജില്ലകളിൽ വിഭജിച്ച് ചെയ്തതുപോലെ മലപ്പുറം ജില്ല, ഏറ്റവും വലിയ ജില്ല, തിരക്കുള്ള ജില്ല എന്നുള്ള നിലയ്ക്ക് അത് വിഭജിച്ച് തിരൂരിലൊരു റൂറൽ ആർ. ടി. ഓഫീസ് ആരംഭിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

**സബ് ആർ. ടി. ഓഫീസ് അപ്ഗ്രഡേഷൻ**

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഈ 3 ജില്ലകളിലും റൂറൽ ആർ. ടി. ഓഫീസ് നേരത്തെ തുടങ്ങിയിട്ടുണ്ട്. അതിനുശേഷം വന്ന ഒരു മാറ്റം, മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ടുമെന്റ് പൂർണ്ണമായി കമ്പ്യൂട്ടറൈസ് ചെയ്തിരിക്കുകയാണ്. ഇത് അതിന് മുമ്പാണ് തുടങ്ങിയത്. കമ്പ്യൂട്ടറൈസ് ചെയ്തതുകൊണ്ട് വളരെയധികം സൗകര്യങ്ങൾ ഇപ്പോൾ ഉണ്ടായിട്ടുണ്ട്. എന്നുമാത്രമല്ല, വെബ്സൈറ്റ്, സ്പീഡ് പോസ്റ്റ്, കോൾ സെന്റർ, ഫാസ്റ്റ് ട്രാക്ക് കൗണ്ടർ ഇവയൊക്കെ വന്നു. ഇതുപോലെ നിരവധി പരിപാടികൾ കൊണ്ടുവന്നതുകൊണ്ട് ആപ്ലിക്കേഷൻ വാങ്ങാനും ബാക്കിയുള്ളതിനെല്ലാമുള്ള സൗകര്യങ്ങളായി. എല്ലാം ഓൺലൈനിൽ എടുക്കുകയാണ്. അതിനുപുറമെ, തിരുവനന്തപുരത്ത് ഇ–പേയ്മെന്റ് സംവിധാനം വന്നു. ബാക്കിയുള്ള ജില്ലകളിൽക്കൂടി ഉടൻതന്നെ അത് ചെയ്തുതുടങ്ങും. അതുകൊണ്ട് തിരക്ക് കുറഞ്ഞിട്ടുണ്ട്. എന്നാലും മെമ്പർ പറഞ്ഞ കാര്യം

വളരെ പ്രസക്തമാണ്. മലബാറിലാണ് പ്രൈവറ്റ് ബസ്സുകൾ ഏറ്റവും കൂടുതലുള്ളത്. അതുകൊണ്ട് താനൂർ, തിരൂരങ്ങാടി, പൊന്നാനി, തവനൂർ പോലെയുള്ള 6 നിയോജക മണ്ഡലങ്ങൾക്കുവേണ്ടി ഒരു റൂറൽ ആർ. ടി. ഓഫീസ് ഉണ്ടാക്കുന്ന കാര്യം ഗവൺമെന്റിന്റെ പരിഗണനയിലാണ്.

**എയർ ഇന്ത്യാ യാത്രക്കാർക്കെതിരെയുള്ള കേസ് പിൻവലിക്കൽ**

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, അബുദാബിയിൽ നിന്നുള്ള എയർ ഇന്ത്യാ വിമാനം കൊച്ചിയിൽ ഇറക്കേണ്ടത് തിരുവനന്തപുരത്ത് ലാന്റ് ചെയ്തത് ഒട്ടേറെ വിവാദങ്ങൾക്കും പ്രശ്നങ്ങൾക്കുമിടയാക്കിയിരുന്നു. യാത്രക്കാർ വിമാനം തട്ടിക്കൊണ്ടുപോകാൻ ശ്രമിക്കുകയാണെന്ന് കാണിച്ച് വിമാനത്തിന്റെ പൈലറ്റ് അടിയന്തിര സന്ദേശം നൽകുകയും യാത്രക്കാർ തന്നെ ആക്രമിക്കാൻ ശ്രമിക്കുകയാണെന്ന് ആരോപിക്കുകയും ചെയ്തു. എന്നാൽ യാഥാർത്ഥ്യം മറിച്ചായിരുന്നു. 14 മണിക്കൂർ വിമാനത്തിൽ ഭക്ഷണവും വെള്ളവും കിട്ടാതെ കഷ്ടപ്പെട്ട ജീവനക്കാരെ സാന്ത്വനിപ്പിക്കുന്നതിനുപകരം അവർക്കെതിരെ കേസ് കൊടുക്കുകയാണ് എയർ ഇന്ത്യാ പൈലറ്റ് ചെയ്തത്. ഇതേത്തുടർന്ന് 6 യാത്രക്കാരെ വ്യോമയാന മന്ത്രാലയത്തിന്റെ പേരിൽ വിളിച്ചുവരുത്തി ചോദ്യം ചെയ്തു. അതിനുശേഷം കേരള പോലീസ് ഇവരെ വലിയതുറ പോലീസ് സ്റ്റേഷനിലേയ്ക്ക് വിളിച്ചുവരുത്തുകയും ചോദ്യം ചെയ്യുകയും ചെയ്തു. യഥാർത്ഥത്തിൽ നമ്മുടെ നാടിന്റെ അഭിമാനമായിട്ടുള്ള പ്രവാസികളെ പോലീസ് സ്റ്റേഷനിൽ വിളിച്ചുവരുത്തിയതുതന്നെ തെറ്റായിട്ടുള്ള ഒരു കാര്യമായിരുന്നു. അന്ന് രജിസ്റ്റർ ചെയ്ത കേസിന്റെ നടപടിക്രമങ്ങൾ അവസാനിപ്പിക്കണമെന്ന ആവശ്യമാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് ഈ സഭയിൽ ആവശ്യപ്പെടാനുള്ളത്.

## എയർ ഇന്ത്യാ യാത്രക്കാർക്കെതിരെയുള്ള കേസ് പിൻവലിക്കൽ

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞ കാര്യങ്ങളെല്ലാം ഗവൺമെന്റ് വളരെ ഗൗരവപൂർവ്വമാണ് പരിഗണിക്കുന്നത്. ഈ കേസുമായി ബന്ധപ്പെട്ട് ഇതുവരെ ആരെയും പ്രതിപട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഒരു പരാതിയുടെ അടിസ്ഥാനത്തിലാണ് ആറ് ആളുകളെ ചോദ്യം ചെയ്യുന്നതിനു വേണ്ടി വിളിച്ചത്. ഫ്ളൈറ്റ് കമാൻഡർ നൽകിയ പരാതിയുടെ അടിസ്ഥാനത്തിലാണ് ഇതുപോലൊരു നടപടിയിലേയ്ക്ക് പോകേണ്ടിവന്നത്. അവരുടെ പരാതിയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ആളുകളെ വിളിച്ചുവരുത്തി കാര്യങ്ങൾ ചോദിച്ചതല്ലാതെ അവരുടെ യാത്ര മുടക്കുന്നതിനുള്ള ഒരു നടപടിയും ഗവൺമെന്റ് എടുത്തിട്ടില്ല. അതോടൊപ്പം അവരെ പ്രതിപ്പട്ടികയിൽ ചേർത്തിട്ടുമില്ല. അതിൽ നിന്നുതന്നെ ഗവൺമെന്റിന്റെ സമീപനം എന്താണെന്നുള്ളത് വളരെ കൃത്യമായി അറിയാം. അതേസമയം കിട്ടിയ ഒരു പരാതിയെ സംബന്ധിച്ച് ഒരു ക്രൈം രജിസ്റ്റർ ചെയ്ത് കേസ് എടുത്തിട്ടുണ്ട്.

## ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് സ്റ്റേഷൻ

ശ്രീ. ബി. സത്യൻ : സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയം സഭയുടേയും അങ്ങയുടേയും ശ്രദ്ധയിൽപ്പെടുത്തുകയാണ്. ദേശീയപാതയിൽ കല്ലമ്പലം മുതൽ മാമം വരെയും നിലമേൽ, തട്ടത്തുമല, കിളിമാനൂർ തുടങ്ങിയ എം.സി. റോഡുകളിലും അപകടങ്ങൾ വർദ്ധിച്ചുവരികയാണ്. അപകടമരണങ്ങളെയും അപകടങ്ങളെയും സംബന്ധിച്ചുള്ള ഞെട്ടിപ്പിക്കുന്ന വിവരങ്ങളാണ് പുറത്തുവന്നുകൊണ്ടിരിക്കുന്നത്. 2012 ഏപ്രിൽ മുതൽ 2012 ഒക്ടോബർ വരെ മാത്രം ഏതാണ്ട് 2429 പേരാണ് മരണപ്പെട്ടത്. വേണ്ടത്ര

സുരക്ഷാ സംവിധാനങ്ങളൊന്നുംതന്നെ ഈ ദേശീയ പാതയിലും എം.സി. റോഡിലും ഇല്ല. എം.സി. റോഡിൽ കെ.എസ്.ടി.പി. പദ്ധതിപ്രകാരം നിർമ്മാണം പൂർത്തീകരിച്ചുവെങ്കിലും അതിന്റെ ഭാഗമായിട്ടുള്ള സുരക്ഷാ സംവിധാനങ്ങളൊന്നും ഇതിനോടൊപ്പം ഏർപ്പെടുത്തിയിട്ടില്ല. ട്രാഫിക് സിഗ്നൽ ലൈറ്റ്, സൈൻബോർഡ്, റിഫ്ളക്ടർ, സ്പീഡ് റഡാർ, വാഹനങ്ങളുടെ അമിതവേഗത കുറയ്ക്കുന്നതിനുവേണ്ടിയുള്ള സംവിധാനങ്ങൾ തുടങ്ങിയവയൊന്നും തന്നെയില്ല. മാത്രമല്ല പോലീസ്/ട്രാഫിക് അധികൃതരുടെ ശ്രദ്ധയോ ഏകോപനമോ ഈ പ്രദേശങ്ങളിലില്ല. രാത്രികാലങ്ങളിൽ അപകടങ്ങളുണ്ടാകുമ്പോൾ അപകടങ്ങളിൽപ്പെടുന്ന ആളുകളെ രക്ഷപ്പെടുത്തുന്നതിനുള്ള ഒരു സുരക്ഷാ സംവിധാനവും എം.സി. റോഡിലില്ല. അടുത്തകാലത്തായി എം.സി. റോഡിൽ തട്ടത്തുമലയ്ക്ക് സമീപം കുറവൻകുഴി എന്ന ഭാഗത്ത് ഉണ്ടായിട്ടുള്ള  ദയനീയമായ ഒരു അപകടം ഇപ്പോൾ ഓർമിപ്പിക്കുകയാണ്. നാല് പേർ അടങ്ങിയ ഒരു ചെറിയ വാഹനത്തെ ഒരു വലിയ വാഹനമിടിച്ച് തകർത്ത് ആ വാഹനത്തിലിരുന്ന് ആളുകൾ മരണപ്പെടുന്ന അവസ്ഥയുണ്ടായി. ഒരു സുരക്ഷാ സംവിധാനവും എം.സി. റോഡിൽ ഏർപ്പെടുത്താനായിട്ടില്ല. ഈ ഭാഗം സുരക്ഷാ സംവിധാനങ്ങൾക്കുവേണ്ടിയുള്ള പോലീസിന്റെയോ ട്രാഫിക് അധികൃതരുടെയോ ശ്രദ്ധ വരാത്ത പ്രദേശങ്ങളാണ്. കെ.എസ്.ടി.പി.  ഈ റോഡിന്റെ നിർമ്മാണം പൂർത്തീകരിച്ചുവെങ്കിലും അവിടെ സുരക്ഷാക്രമീകരണം ഒരുക്കുവാൻ വേണ്ട ഏകോപനമില്ല. ഇപ്പോൾ മരാമത്ത് വകുപ്പും പോലീസ് ഡിപ്പാർട്ടുമെന്റും റോഡ് സുരക്ഷാ അതോറിറ്റിയും പ്രത്യേകം പ്രത്യേകം വകുപ്പുകളായി തിരിഞ്ഞാണ് അവിടെ കാര്യങ്ങൾ ചെയ്യുന്നത്. ഏകോപിപ്പിച്ച് കൊണ്ടുപോകാനുള്ള ഒരു സംവിധാനവും അവിടെ ഈ കാലയളവിൽ ഉണ്ടായിട്ടില്ല. അതുകൊണ്ടുതന്നെ അങ്ങ്

ഇടപെട്ട് ഇതിന് പരിഹാരമുണ്ടാക്കണം. ജില്ലാ അടിസ്ഥാനത്തിൽ റോഡ് സുരക്ഷാ സമിതികളുണ്ട്. അവർ ജനപ്രതിനിധികളുമായി ആലോചിച്ച് യോഗം ചേരുകയും അപകടകേന്ദ്രങ്ങളിൽ റോഡ് സുരക്ഷാ സംവിധാനമുണ്ടാക്കുകയും വേണം. കിളിമാനൂർ കേന്ദ്രീകരിച്ച് നേരത്തെ ഒരു നിർദ്ദേശമുണ്ടായിരുന്നു. അവിടെ ഒരു ഫയർ സ്റ്റേഷൻ ആരംഭിക്കാനും സേഫ്റ്റി സംവിധാനമുണ്ടാക്കുന്നതിനും വേണ്ടിയുള്ള നീക്കം ഗവൺമെന്റിന്റെ ഭാഗത്തു നിന്നുമുണ്ടാകണം. അവിടം കേന്ദ്രീകരിച്ച് ഒരു ഫയർ സ്റ്റേഷൻ ആരംഭിക്കണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്.

**ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് സ്റ്റേഷൻ**

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഫയർ സ്റ്റേഷൻ ആരംഭിക്കണമെന്നതായിരുന്നു യഥാർത്ഥത്തിൽ സബ്മിഷനിലുണ്ടായിരുന്ന ആവശ്യം. പക്ഷേ ബഹുമാനപ്പെട്ട അംഗം ചില കാര്യങ്ങൾ വളരെ ഗൗരവകരമായി പറഞ്ഞതുകൊണ്ട് അതിനെക്കുറിച്ച് ഒരു പരാമർശം നടത്താം. അങ്ങ് നേരത്തെ പറഞ്ഞതുപോലെ ആറ്റിങ്ങൽ, ആലങ്കോട്, മാമം, കിളിമാനൂർ, പൊരുന്തമൺ, തട്ടത്തുമല എന്നീ പ്രദേശങ്ങളിൽ 2010-ൽ 101 അപകടങ്ങളിൽ 23 പേർ മരണപ്പെടുകയും 102 പേർക്ക് പരിക്കേൽക്കുകയും ചെയ്തു. 2011-ൽ 95 അപകടങ്ങളിൽ 13 പേർ മരണപ്പെടുകയും 114 പേർക്ക് പരിക്കേൽക്കുകയും ചെയ്തു. 2012 ഡിസംബർ 13 വരെ 105 അപകടങ്ങളിൽ 24 പേർ മരണപ്പെടുകയും 91 പേർക്ക് പരിക്കേൽക്കുകയും ചെയ്തു. ഇതാണ് അപകടങ്ങളെ സംബന്ധിച്ചുള്ള ഡേറ്റാ. അങ്ങ് ഇവിടെ സൂചിപ്പിച്ച ഒരു പ്രധാനപ്പെട്ട കാര്യമുണ്ട്. കേരളത്തിൽ ട്രാഫിക് അപകടങ്ങൾ ഏറ്റവും കൂടുതൽ ഉണ്ടാകുന്ന 525 കി.മീ. റോഡിൽ

75 സ്ഥലങ്ങളിൽ സ്പീഡ് ഡിറ്റക്ഷൻ ക്യാമറകൾ സ്ഥാപിക്കുന്നതിനു വേണ്ടിയുള്ള കേരള പോലീസിന്റെ പദ്ധതി പ്രോസസ്സിൽ ഇരിക്കുകയാണ്. അതിന്റെ ക്ലിയറൻസ് പൂർണ്ണമായിക്കഴിഞ്ഞാൽ നേരത്തെ സൂചിപ്പിച്ച 525 കി.മീ. സ്ഥലങ്ങളിൽ ക്യാമറ സ്ഥാപിക്കണമെന്നാണ് ഡിപ്പാർട്ടുമെന്റ് ആഗ്രഹിക്കുന്നത്. ഇതിൽ കോവളം - കൊട്ടിയം നാഷണൽ ഹൈവേയും വെഞ്ഞാറമൂട് - ചെങ്ങന്നൂർ സ്റ്റേറ്റ് ഹൈവേയും (അങ്ങ് ഇപ്പോൾ സൂചിപ്പിച്ച ഏരിയ അടക്കം) ഉൾപ്പെടുന്നുണ്ട്. ഇതിന്റെ പ്രവർത്തനം പുരോഗമിച്ചുവരികയാണ്. സ്പീഡ് ഡിറ്റക്ഷൻ ക്യാമറകൾ സ്ഥാപിക്കുന്നതോടെ അമിതവേഗം നിയന്ത്രിക്കുന്നതിനു കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അങ്ങ് സൂചിപ്പിച്ചതു പോലെ പുതുതായി തുറന്നുപ്രവർത്തിക്കുന്ന 22 ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുകളാണ് നമ്മുടെ പ്രയോറിറ്റി ലിസ്റ്റിലുള്ളത്. ആ ലിസ്റ്റുകളുടെ മുൻഗണനാ പട്ടികയിൽ ഇപ്പോൾ കിളിമാനൂർ ഉൾപ്പെടുന്നില്ല. ഏതായാലും അതുകൂടി പരിശോധിക്കും. അതിനുശേഷം സാമ്പത്തിക ലഭ്യതയനുസരിച്ച് ഡിപ്പാർട്ടുമെന്റിന് ചെയ്യാൻ കഴിയുന്ന എല്ലാ സഹായവും ചെയ്യുന്നതാണ്.

**താലൂക്ക് ആശുപത്രിയുടെ അപര്യാപ്തതയ്ക്ക് പരിഹാരം**

ശ്രീ. മുല്ലക്കര രത്നാകരൻ : സർ, കടയ്ക്കൽ താലൂക്ക് ആശുപത്രിയിൽ അടിയന്തരമായി നികത്തപ്പെടേണ്ട ഡോക്ടർമാരുടെയും മറ്റ് സ്റ്റാഫിന്റെയും ഒഴിവുകൾ നികത്താൻ നടപടി സ്വീകരിക്കണമെന്നതാണ് എന്റെ ആവശ്യം. അങ്ങുതന്നെ ഈ മാസം 28-ാം തീയതി അവിടെ വന്ന് ഒരു പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം നിർവ്വഹിക്കുന്നുണ്ട്. അവിടെ എം.പി., എം.എൽ.എ. ഫണ്ടുകളും മറ്റ് ഫണ്ടുകളും ഉപയോഗിച്ച് കുടിവെള്ളത്തിന്റെ പ്രശ്നവും ബയോകമ്പോസ്റ്റ് പ്ലാന്റുകളുടെ പ്രശ്നവുമൊക്കെ പരിഹരിക്കപ്പെ

ടുന്നുണ്ട്. ഡോക്ടർമാർ പലതവണ അങ്ങേയ്ക്ക് നിവേദനം തന്നിട്ടുണ്ട്. അവിടെ വരുന്ന രോഗികളുടെ എണ്ണം, അവിടത്തെ കപ്പാസിറ്റിയുമായി ബന്ധപ്പെട്ട് ഒ.പി. ആയാലും ഐ.പി. ആയാലും വളരെ അധികമാണ്. അവരെ പരിശോധിക്കുന്നതിനോ മറ്റോ ഉള്ള സൗകര്യങ്ങളില്ല. ഇന്നലെ ഹൈവേ യിൽവച്ച് ഒരു മന്ത്രിയുടെ പൈലറ്റ് വാഹനം ഒരാളെ ഇടിച്ചിട്ടപ്പോൾ കട യ്ക്കൽ ആശുപത്രിയിൽ കൊണ്ടുവന്നിട്ട് അവിടെ എടുക്കാൻ പറ്റാതെ മെഡി ക്കൽ കോളേജിൽ കൊണ്ടുപോകേണ്ടിവന്നിട്ടുണ്ട്. അവിടെ ഡോക്ടർമാ രുടേയും സ്റ്റാഫിന്റെയും കുറവുകൊണ്ട് ധാരാളം പ്രയാസങ്ങൾ ഉണ്ടാകുന്ന സാഹചര്യമുണ്ട്. രോഗികളുടെ എണ്ണമാണെങ്കിൽ ചില സമയങ്ങളിൽ വല്ലാതെ കൂടുകയാണ്. സാധാരണ നിലയിൽ അവിടത്തെ സ്ട്രെങ്ത്തുമായി ബന്ധപ്പെട്ട് പരിഹരിക്കാൻ കഴിയാത്തതാണ്. അതുകൊണ്ട് അങ്ങ് 28.12.2012 -ൽ അവിടെ വരുന്നതിനുമുമ്പ് അവിടത്തെ സൂപ്രണ്ടിന്റെയും ബന്ധപ്പെട്ടവരു ടെയും ഒരു യോഗം വിളിച്ച് അവിടെയുള്ള അടിയന്തര പ്രശ്നങ്ങൾ പരിഹരി ക്കുന്നതിനുള്ള ഒരു സംവിധാനം കൂടിയുണ്ടാക്കാൻ സമയം കണ്ടെത്തണമെ ന്നാണ് എന്റെ അഭ്യർത്ഥന. അത് ബ്ലോക്കിന്റെ നിയന്ത്രണത്തിലുള്ള ഒരു ഹോസ്പിറ്റലാണ്.

**താലൂക്ക് ആശുപത്രിയുടെ അപര്യാപ്തതയ്ക്ക് പരിഹാരം**

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) : സർ, സി.എച്ച്.സി. ആയിരുന്ന കടയ്ക്കൽ താലൂക്ക് ആശുപത്രി 6.11.2008-ലാണ് താലൂക്ക് ആശുപത്രിയായി ഉയർത്തിയത്. 101 കിടക്കകൾ അനുവദിച്ചിട്ടുള്ള ഈ ആശുപത്രിയിലെ ശരാശരി ഒ.പി. 750-800 -ഉം ശരാശരി ഐ.പി. 100-120-ഉം ആണ്. ഒരു മാസത്തിൽ ശരാശരി 50-60

പ്രസവങ്ങൾ അവിടെ നടക്കുന്നുണ്ട്. ഒരു സൂപ്രണ്ടന്റിന്റെ തസ്തിക അടക്കം 9 ഡോക്ടർമാരുടെ തസ്തികകൾ നിലവിലുണ്ട്. അത്യാഹിത വിഭാഗത്തിലേയ്ക്ക് ഡോക്ടർമാരുടെ തസ്തിക സൃഷ്ടിച്ചിട്ടില്ല. ടേൺ ഡ്യൂട്ടി അടിസ്ഥാനത്തിൽ അത്യാഹിത വിഭാഗം പ്രവർത്തിച്ചുവരികയാണ്. പീഡിയാട്രിക്സ്, ഓർത്തോ പീഡിക്സ്, ഇ.എൻ.റ്റി., ഗൈനക്കോളജി എന്നീ സ്പെഷ്യാലിറ്റി വിഭാഗങ്ങൾ പ്രവത്തിക്കുന്നുണ്ട്. സ്പെഷ്യാലിറ്റി കേഡറിൽ ഉൾപ്പെടുത്തിയിട്ടുള്ള ഈ സ്ഥാപനത്തിൽ വിവിധ സ്പെഷ്യാലിറ്റികളിലായി 6 തസ്തികകൾ ഉണ്ട്. ഒരു ജൂനിയർ കൺസൽട്ടന്റ് (ഗൈനക്കോളജി)-യെ താലൂക്ക് ഹോസ്പിറ്റൽ പാറ ശാലയിലും, ജൂനിയർ കൺസൽട്ടന്റ് (ഓർത്തോ)-യെ നെടുമങ്ങാട് താലൂക്ക് ആശുപത്രിയിലും താൽക്കാലികമായി വർക്കിംഗ് അറേഞ്ച്മെന്റിൽ നിയമിച്ചി ട്ടുണ്ട്. കൂടാതെ ജൂനിയർ കൺസൽട്ടന്റ് (അനസ്തേഷ്യ)-യും അസിസ്റ്റന്റ് സർജനും അവധിയിലാണ്. ഈ കുറവുകൾ പരിഹരിക്കുവാൻ നീണ്ടകര താലൂക്ക് ആശുപത്രിയിൽ നിന്നും ജൂനിയർ കൺസൽട്ടന്റ് (ഓർത്തോ)-യുടെ സേവനവും ഒറ്റപ്പാലം താലൂക്ക് ആശുപത്രിയിൽ നിന്നും ഇ.എൻ.ടി. ഡോക്ട റുടെ സേവനവും പുനലൂർ താലൂക്ക് ആശുപത്രിയിൽ നിന്നും അസിസ്റ്റന്റ് സർജന്റെ സേവനവും കടയ്ക്കൽ താലൂക്ക് ആശുപത്രിയിൽ ലഭ്യമാക്കിയി ട്ടുണ്ട്. എൻ.ആർ.എച്ച്.എം. മുഖേന ഒരു ഗൈനക്കോളജിസ്റ്റിന്റെ സേവനം ഇവിടെ ലഭ്യമാക്കിയിട്ടുണ്ട്. സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ ഒഴിവുകൾ നിക ത്തുന്നതിന് സർക്കാർ സർവ്വീസിൽ പി.ജി. യോഗ്യതയുള്ള ഡോക്ടർമാരിൽ നിന്നും ഓപ്ഷൻ സ്വീകരിച്ച് നടപടികൾ സ്വീകരിച്ചുവരിക യാണ്. അടിയന്തരഘട്ടങ്ങളിൽ ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്തു ന്നതിന് അധികാരികൾക്ക് നിർദ്ദേശവും നൽകിയിട്ടുണ്ട്. എക്സ്റേ, ഇ.സി.ജി.

ലാബ് എന്നിവ രാവിലെ 8.00 മണി മുതൽ പ്രവർത്തിക്കുന്നുണ്ട്. ഹോസ്പിറ്റൽ മാനേജ്മെന്റ് മുഖേന മൂന്ന് ലാബ് ടെക്നിഷ്യന്മാരെ താൽക്കാലികമായി അവിടെ നിയമിച്ചിട്ടുണ്ട്. അത്യാഹിതവിഭാഗത്തിലെ അസൗകര്യങ്ങൾ പരിഹരിക്കുന്നതിന് 50 ലക്ഷം രൂപയുടെ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള അംഗീകാരം എൻ.ആർ.എച്ച്.എം മുഖേന ലഭിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനത്തിന്റെ ശിലാസ്ഥാപനം 2.11.2012-ൽ നടന്നു. ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ഈ മാസം 28-ാം തീയതി പേവാർഡ് ഉദ്ഘാടനം ചെയ്യുന്നതിനായി ആശുപത്രിയിൽ വരുന്ന അവസരത്തിൽ ആശുപത്രിയുടെ അസൗകര്യങ്ങൾ അവിടെവച്ചു ചർച്ചചെയ്യാം.

**ഗ്രാമപഞ്ചായത്ത് ആയുർവേദ ഡിസ്പെൻസറിയുടെ അപ്ഗ്രഡേഷൻ**

ശ്രീ. കോവൂർ കുഞ്ഞുമോൻ : സർ, കുന്നത്തൂർ ഗ്രാമപഞ്ചായത്തിൽ 1967-ൽ പ്രവർത്തനം ആരംഭിച്ച ആയുർവേദ ഡിസ്പെൻസറി താലൂക്ക് ആശുപത്രിയായി അപ്ഗ്രേഡ് ചെയ്യണമെന്നാണ് സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്. ഏകദേശം 2 ഏക്കർ ഭൂമിയുള്ള വലിയ ഒരു ആശുപത്രിയാണ് ഐവർകാല ആയുർവേദ ആശുപത്രി. ഇപ്പോൾതന്നെ പരിമിതികൾ ഏറെയുള്ള ഒരു ആശുപത്രിയാണിത്. അവഗണനയുടെ പ്രതീകമായി ഈ ഹോസ്പിറ്റൽ മാറിക്കൊണ്ടിരിക്കുകയാണ്. ഒരു ഡോക്ടറും ഒരു ഫാർമസിസ്റ്റും രണ്ട് നേഴ്സുമാരും മറ്റ് സ്റ്റാഫ് അംഗങ്ങൾ ഓരോന്നുവീതവുമാണ് നിലവിൽ അവിടെയുള്ളത്. എൻ.ആർ.എച്ച്.എം.-ന്റെ 35 ലക്ഷം രൂപ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി അനുവദിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ കെട്ടിടം പണി പൂർത്തീകരിക്കുന്നതോടുകൂടി ഇതോടനുബന്ധിച്ച് പഞ്ചകർമ്മ ചികി

ത്സയ്ക്ക് വേണ്ടിയുള്ള സംവിധാനമുണ്ടാക്കണം. ഇപ്പോൾ 10 കിടക്കകളാണു ള്ളത്. അത് 30 കിടക്കകളായി ഉയർത്തുന്നതിനും എൻ.ആർ.എച്ച്.എം-ന്റെ ഡോക്ടർമാരും ഫിസിയോതെറാപ്പിസ്റ്റുകളും ഉൾപ്പെടെയുള്ളവരെ നിയമിക്കു കയും അതുവഴി ഈ ഹോസ്പിറ്റൽ താലൂക്ക് ആശുപത്രിയായി ഉയർത്തുന്ന തിനും വേണ്ടിയുള്ള നടപടി ഉണ്ടാകണമെന്ന് ആവശ്യപ്പെടുന്നു.

**ഗ്രാമപഞ്ചായത്ത് ആയുർവേദ ഡിസ്പെൻസറിയുടെ അപ്ഗ്രഡേഷൻ**

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, കൊല്ലം ജില്ലയിലെ കുന്നത്തൂർ നിയോജകമണ്ഡല ത്തിലുൾപ്പെടുന്നതും പത്തു കിടക്കകളോടുകൂടിയതുമായ ഐവർകാല ആയുർവേദ ആശുപത്രി മുപ്പതു കിടക്കകളുള്ള താലൂക്കാശുപത്രിയാക്കി ഉയർത്തുന്നതിനുള്ള പഞ്ചായത്ത് തീരുമാനം ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടർക്ക് ലഭ്യമായിട്ടുണ്ട്. പ്രസ്തുത പ്രൊപ്പോസൽ ഡയറക്ടറേറ്റിൽ നിന്നും ലഭ്യമായാലുടൻതന്നെ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീക രിക്കുന്നതാണ്. ഈ ആശുപത്രിയുടെ അറ്റകുറ്റപ്പണികൾ കെ.എച്ച്.ആർ.ഡ ബ്ല്യൂ.എസ്. മുഖേന നടത്തുന്നതിന് 35 ലക്ഷം രൂപയുടെ ആയുഷ് ഫണ്ട് അനുവദിച്ചിട്ടുണ്ട്. താലൂക്കാശുപത്രിയാക്കി ഉയർത്തുന്നതോടനുബന്ധിച്ച് ആവശ്യമുള്ള സ്റ്റാഫിനെയും അവിടെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ**

ശ്രീ. പി. തിലോത്തമൻ: സർ, ചേർത്തലയ്ക്കും ആലപ്പുഴയ്ക്കും ഇടയിലുള്ള ഏറ്റവും പ്രധാനപ്പെട്ട ഒരു ആരോഗ്യകേന്ദ്രമാണ് മുഹമ്മയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ. മുഹമ്മ,

കഞ്ഞിക്കുഴി, തണ്ണീർമുക്കം, മണ്ണഞ്ചേരി തുടങ്ങിയ നാലഞ്ചു പഞ്ചായത്തുകളിലെ ആയിരക്കണക്കിന് ജനങ്ങളുടെ അഭയകേന്ദ്രമാണ് ഈ ആശുപത്രി. ഈ ആശുപത്രിയുടെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് കഴിഞ്ഞ കുറേ വർഷങ്ങളായി ഏഴ് ഡോക്ടർമാരുടെവരെ സേവനം അവിടെ ലഭ്യമായിരുന്നു. ഒ.പി.-യിൽ നൂറുക്കണക്കിന് രോഗികൾ വരാറുണ്ടായിരുന്നു. ഇൻപേഷ്യന്റും ധാരാളമുണ്ട്. ഇരുപത്തിനാലു മണിക്കൂറും പ്രവർത്തിച്ചുകൊണ്ടിരുന്ന ഡോക്ടർമാരുടെ സേവനം ലഭിച്ചുകൊണ്ടിരുന്ന ഈ ആശുപത്രിയിൽ കഴിഞ്ഞ കുറച്ചുനാളുകളായി ഡോക്ടർമാരുടെ എണ്ണം കുറഞ്ഞ് കുറഞ്ഞ് രണ്ടു ഡോക്ടർമാരായി ചുരുങ്ങിയിരിക്കുകയാണ്. വലിയ പ്രതിഷേധമാണ് ഇതുമൂലം അവിടെ ഉയർന്നുവന്നിട്ടുള്ളത്. ഇപ്പോഴും അവിടെ സമരങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. ആരോഗ്യകേന്ദ്രവുമായി നടത്തുന്ന ചർച്ചകളിൽ ഡിസംബർ 6-ാം തീയതിയോടെ ഈ പോരായ്മകളെല്ലാം പരിഹരിച്ച് പഴയ സ്ഥിതിയിലേയ്ക്ക് ആശുപത്രിയെ എത്തിക്കാൻ കഴിയുമെന്നാണ് പറയാറുണ്ടായിരുന്നത്, എന്നാൽ ഇതുവരെയും അതിനുവേണ്ട നടപടികളുണ്ടായിട്ടില്ല. ഈ ആശുപത്രിയെ അതിന്റെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് ഒരു താലൂക്കാശുപത്രിയുടെ നിലവാരത്തിലേയ്ക്ക് ഉയർത്തണമെന്നതാണ് ആ പ്രദേശത്തെ മുഴുവൻ ജനങ്ങളുടേയും അഭിപ്രായം. അതിനുള്ള നടപടികൾ സ്വീകരിക്കുവാൻ ഗവൺമെന്റ് മുൻകയ്യെടുക്കണമെന്നാണ് സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

**കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ**

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, ചേർത്തല താലൂക്കിലെ മുഹമ്മ സി.എച്ച്.സി.

-യിൽ നിലവിൽ ഒരു സിവിൽ സർജന്റെയും നാല് അസിസ്റ്റൻ സർജന്റെയും തസ്തികകളുണ്ട്. അതിൽ ഒഴിഞ്ഞുകിടക്കുന്ന സിവിൽ സർജന്റെ ഒരു തസ്തികയിൽ ഒരു ഡോക്ടറെ അഡ്ഹോക് വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. കൂടാതെ രണ്ട് എൻ.ആർ.എച്ച്.എം. ഡോക്ടർമാരെയും എൻ.സി.ഡി. പ്രോഗ്രാം മുഖേന ഒരു ഡോക്ടറേയും നിയമിച്ചിട്ടുണ്ട്. മുഹമ്മ സി.എച്ച്.സി.-യിൽ ആകെ എട്ട് ഡോക്ടർമാരുടെ സേവനം ഇപ്പോൾ ഉറപ്പാക്കിയിട്ടുണ്ട്. രാവിലെ 9 മണി മുതൽ തുടർച്ചയായി ഡോക്ടർമാർ ആശുപത്രിയിലുണ്ട്. രാത്രി 8 മണി മുതൽ രാവിലെ 9 മണി വരെ ഓൺ കാൾ ഡോക്ടറുടെ സേവനം ലഭ്യമാക്കിയിട്ടുമുണ്ട്. പി.ജി. പ്രവേശന പരീക്ഷയുമായി ബന്ധപ്പെട്ട് രണ്ട് ഡോക്ടർമാരും അസുഖബാധിതനായി മറ്റൊരു ഡോക്ടറും അവധിയിൽ പ്രവേശിച്ചിരുന്നു. എന്നാൽ പകരം ഡോക്ടറെ നിയമിക്കാൻ കഴിഞ്ഞിട്ടില്ല. ഇപ്പോൾ അവധിയിൽ പ്രവേശിച്ച ഡോക്ടർമാർ തിരിച്ചെത്തി യിട്ടുണ്ട്. തുടർന്ന് 24 മണിക്കൂറും സേവനം ലഭ്യമാക്കുന്നുണ്ട്. കൂടാതെ നിലവിലുള്ള 6 സ്റ്റാഫ് നഴ്സുമാരും എൻ.ആർ.എച്ച്.എം.വഴി 2 സ്റ്റാഫ് നഴ്സും എൻ.സി.ഡി. വഴി 2 സ്റ്റാഫ് നഴ്സും ഉൾപ്പെടെ 10 നഴ്സുമാർ നിലവിലുണ്ട്. ഈ ആശുപത്രിയിലെ ശരാശരി ഒ.പി. 400-നും 500-നും ഇടയിലാണ്. കിടത്തിചികിത്സിക്കുന്ന രോഗികളുടെ എണ്ണം ശരാശരി 15-നും 20-നും ഇടയിലാണ്. ആരോഗ്യ വകുപ്പ് ഡയറക്ടർ 16/12/2012-ൽ ആശുപത്രി സന്ദർശിക്കുകയും നിലവിലുള്ള പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. ഡോക്ടർമാരെ മുഴുവൻ നിയമിച്ചുകഴിഞ്ഞ സാഹചര്യമാണ് അവിടെ നിലവിലുള്ളത്. മുഹമ്മ സി.എച്ച്.സി. താലൂക്കാശുപത്രിയാക്കി

ഉയർത്തുന്നതിനുള്ള ഭൗതിക സാഹചര്യങ്ങൾ ഒരുക്കിയതിനുശേഷം അതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

**മാനസികാരോഗ്യ കേന്ദ്രത്തിലെ ദുരൂഹമരണം**

മി. ഡെപ്യൂട്ടി സ്പീക്കർ: ഈ വിഷയം സംബന്ധിച്ച് ശ്രീ. വി. ശിവൻകുട്ടിയും നോട്ടീസ് നൽകിയിട്ടുണ്ട്.

ശ്രീ. കെ. മുരളീധരൻ: സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട പേരൂർക്കട മാനസികാരോഗ്യ ആശുപത്രിയിൽ വെങ്കിടേശപ്പ എന്ന ആന്ധ്രാ സ്വദേശി കഴിഞ്ഞ ദിവസം മരണപ്പെട്ട സംഭവത്തിലേയ്ക്കാണ് ഞാൻ സഭ യുടെ ശ്രദ്ധക്ഷണിക്കുന്നത്. ഏതാനും ദിവസങ്ങൾക്ക് മുമ്പ് കിളിമാനൂരിൽ വച്ച് അലഞ്ഞുതിരിഞ്ഞുനടന്ന ഒരു വ്യക്തിയെ സംശയം തോന്നിയതിനെ തുടർന്ന് പോലീസ് കസ്റ്റഡിയിലെടുക്കുകയും ചോദ്യം ചെയ്യലിൽ നിന്ന് അദ്ദേഹത്തിന്റെ പേര് വെങ്കിടേശപ്പയാണെന്നും ആന്ധ്രാ സ്വദേശിയാ ണെന്നും മനസ്സിലാക്കി. അദ്ദേഹത്തിന്റെ മാനസിക വിഭ്രാന്തികൾ കണ്ടപ്പോൾ മനോരോഗിയാണെന്ന നിലയിൽ പോലീസ് പേരൂർക്കട മാനസികാരോഗ്യ ആശുപത്രിയിൽ കൊണ്ടുവരികയും അവിടെ അഡ്മിറ്റ് ചെയ്യുകയും ചെയ്തു. പൂവാർ സ്വദേശിയായ സുരേഷ്ബാബു എന്ന മറ്റൊരു മാനസിക രോഗിയുടെ സെല്ലിലാണ് വെങ്കിടേശപ്പയെ പാർപ്പിച്ചത്. കഴിഞ്ഞ 4-ാം തീയ തിയാണെന്ന് പറയപ്പെടുന്നു, വെങ്കിടേശപ്പ മരണപ്പെട്ടു. വെങ്കിടേശപ്പയുടെ മരണം കൊലപാതകമാണെന്ന് സംശയിക്കുന്ന രീതിയിൽ, അതായത് അദ്ദേ ഹത്തിന്റെ കൂടെ സെല്ലിൽ താമസിച്ചിരുന്ന സുരേഷ്ബാബു, താനാണ് വെങ്കി ടേശപ്പയെ കൊന്നതെന്ന് ആശുപത്രി അധികൃതരോട് സൂചിപ്പിച്ചിരുന്നതായും കഴുത്തിനും തലയ്ക്കുമേറ്റ മുറിവുകൾ കാരണമാണ് വെങ്കിടേശപ്പ മരണപ്പെട്ട

തെന്ന് മൃതദേഹം പോസ്റ്റ്മോർട്ടം ചെയ്തപ്പോൾ സ്ഥിരീകരിച്ചുവെന്നും മാധ്യ മങ്ങളിൽ വാർത്ത വന്നു. നാലു മാസങ്ങൾക്കു മുമ്പ് സത്നാംസിംഗ് എന്ന ബീഹാറുകാരനും സമാന സാഹചര്യത്തിൽ അവിടെ മരണപ്പെടുകയുണ്ടായി. അതിനുശേഷം ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെയും ഹെൽത്ത് സെക്രട്ടറിയുടേയും വകുപ്പുദ്യോഗസ്ഥരുടേയും സാന്നിദ്ധ്യത്തിൽ അവിടെ ചർച്ചകൾ നടന്നു. ശ്രീ. വി. ഡി സതീശന്റെ നേതൃത്വത്തിൽ സമിതിയംഗമായ ഞാനുൾപ്പെടെ എസ്റ്റിമേറ്റ്സ് സമിതി അവിടം സന്ദർശിച്ചു. എം.എൽ.എ. എന്നുള്ള നിലയ്ക്ക് ഇടയ്ക്ക് ഞാൻ അവിടം സന്ദർശിക്കാറുമുണ്ട്. അവി ടത്തെ ഏറ്റവും വലിയ പ്രയാസം, കടുത്ത മാനസികരോഗമുള്ള രോഗികളെ പാർപ്പിക്കേണ്ട സിംഗിൾ സെല്ലുകൾ പത്തെണ്ണം മാത്രമേയുള്ളൂ എന്നതാണ്. അവിടെ ഏക്കറുകണക്കിന് ഭൂമി വെറുതെ കിടക്കുകയാണ്. കൂടുതൽ സിംഗിൾ സെല്ലുകൾ നിർമ്മിച്ച് കടുത്ത മാനസിക രോഗമുള്ളവരെ പ്രത്യേകം പാർപ്പിക്കണമെന്നും അങ്ങനെ സെല്ലിൽ പാർപ്പിച്ചിട്ടുള്ള രോഗികളുടെ പ്രവൃ ത്തികൾ അറിയുന്നതിന് ക്യാമറ സ്ഥാപിക്കണമെന്നും കൂടുതൽ സ്റ്റാഫിനെ നിയമിക്കണമെന്നുമുള്ള തീരുമാനം അന്ന് ആരോഗ്യ വകുപ്പുമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടന്ന ചർച്ചയിൽ എടുത്തിരുന്നതാണ്. പക്ഷേ ഇതുവ രെയും കാര്യമായ ഒരു പ്രവർത്തനവും അവിടെ നടന്നിട്ടില്ല. കുറച്ച് സ്റ്റാഫിനെ പുതുതായി നിയമിച്ചിട്ടുണ്ടെങ്കിലും അക്രമവാസനയുള്ള കടുത്ത മാനസികരോഗികളെ സിംഗിൾ സെല്ലുകളിൽ പാർപ്പിച്ചാൽ മാത്രമേ ഈ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകുകയുള്ളൂ. സിംഗിൾ സെല്ലുകൾ കൂടുത ലായി സ്ഥാപിക്കുന്നതിനും അവരുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും ക്യാമറകൾ വയ്ക്കുന്നതിനുമെടുത്ത തീരുമാനങ്ങൾ അടിയന്തിരമായി നടപ്പി ലാക്കുകയും വേണ്ടത്ര സ്റ്റാഫിനെയും സർജൻമാരെയും നിയമിക്കുകയും

വേണം. രണ്ട് അസിസ്റ്റന്റ് സർജൻമാർ മാത്രമാണ് അവിടെയുള്ളതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. നാലുമാസത്തിനുള്ളിൽ അവിടെ നടക്കുന്ന രണ്ടാമത്തെ സംഭവമാണിത് . പേരൂർക്കട മാനസികാരോഗ്യ ആശുപത്രി, മാനസിക രോഗികളുടെ ഒരു കൊലക്കളമായി മാറുന്ന സ്ഥിതിവിശേഷമൊഴിവാക്കാൻ ആരോഗ്യവകുപ്പ് അടിയന്തിര നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## മാനസികാരോഗ്യ കേന്ദ്രത്തിലെ ദുരൂഹമരണം

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, തിരുവനന്തപുരം മാനസികാരോഗ്യ കേന്ദ്രത്തിലെ രോഗി മരണപ്പെട്ട സംഭവവുമായി ബന്ധപ്പെട്ട വളരെ ഗൗരവതരമായ കാര്യമാണ് ബഹുമാനപ്പെട്ട അംഗം കെ.മുരളീധരൻ ഇവിടെ ചൂണ്ടിക്കാണിച്ചത്. ആന്ധ്രാപ്രദേശ് സ്വദേശിയായ 60 വയസ്സുള്ള വെങ്കിടേശപ്പയെ സംശയാസ്പദമായ നിലയിൽ കിളിമാനൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ നിന്നും കസ്റ്റഡിയിലെടുക്കുകയും മാനസിക വിഭ്രാന്തി പ്രകടിപ്പിച്ചതിനെ തുടർന്ന് കോടതി നിർദ്ദേശപ്രകാരം 30/11/2012-ൽ തിരുവനന്തപുരം മാനസികാരോഗ്യ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യുകയും ചെയ്തു. ഡ്യൂട്ടിയിലുണ്ടായിരുന്ന ഡോക്ടർ അദ്ദേഹത്തിന് ചികിത്സ നിർദ്ദേശിച്ച് പത്താം നമ്പർ സെല്ലിൽ പ്രവേശിപ്പിച്ചു. അന്നേ ദിവസംതന്നെ പ്രസ്തുത സെല്ലിൽ ബാലരാമപുരം സ്വദേശിയായ സുരേഷ് ബാബു എന്ന രോഗിയേയും വെങ്കിടേശപ്പയ്ക്കൊപ്പം പ്രവേശിപ്പിക്കുകയുണ്ടായി. 4/12/2012-ന് രാവിലെ 6.15-ന് വെങ്കിടേശപ്പ സെല്ലിൽ മരിച്ചുകിടക്കുന്നതായി രാത്രി ഡ്യൂട്ടിയിലുണ്ടായിരുന്ന ജീവനക്കാർ റിപ്പോർട്ട് ചെയ്യുകയും തുടർന്ന് ആശുപത്രി അധികൃതർ

കിളിമാനൂർ പോലീസ് സ്റ്റേഷനുമായി ബന്ധപ്പെടുകയും വെങ്കിടേശപ്പയുടെ മരണം കസ്റ്റഡി മരണമായി റിപ്പോർട്ട് ചെയ്ത് പോസ്റ്റ്മാർട്ടത്തിനായി ശവശരീരം തിരുവനന്തപുരം മെഡിക്കൽ കോളേജാശുപത്രിയിലേയ്ക്ക് അയയ്ക്കുകയുമുണ്ടായി. 4/12/2012-ലെ പോസ്റ്റ്മാർട്ടം റിപ്പോർട്ടിൽ ശ്വാസ കോശത്തിലും കഴുത്തിലും നീരുള്ളതായും മരണകാരണം കഴുത്തിലും തലയിലുമുണ്ടായ ക്ഷതമാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. ശരീരത്തിൽ 20 ചെറിയ മുറിവുകളും പോറലുകളുമുണ്ടായിരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആദ്യ പോസ്റ്റ്മാർട്ടം റിപ്പോർട്ടിൽ മരണകാരണം കഴുത്തിനും തലയ്ക്കുമേറ്റ ക്ഷതം കൊണ്ടാണെന്ന് കണ്ടെത്തിയതിനാൽ ആർ.ഡി.ഒ.-യുടെ സാന്നിദ്ധ്യത്തിൽ ഇൻക്വസ്റ്റ് നടത്തി 8/12/2012-ൽ വീണ്ടും പോസ്റ്റ്മാർട്ടം നടത്തി. ഈ പോസ്റ്റ്മാർട്ടം റിപ്പോർട്ടിൽ മരണകാരണം തലയ്ക്കേറ്റ ക്ഷതംമൂലമാണെന്ന് രേഖപ്പെടുത്തിയിട്ടുമുണ്ട്. ഈ സംഭവം ശ്രദ്ധയിൽപ്പെട്ട ഉടൻതന്നെ ഇതിനെ ക്കുറിച്ച് വിശദമായി അന്വേഷിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തുകയും മെന്റൽ ഹെൽത്ത് സെക്രട്ടറി ഡോ. ഡി.രാജു, തിരുവനന്തപുരം മെഡിക്കൽ കോളേജ് ഫോറൻസിക് വിഭാഗം മേധാവി പ്രൊഫ. ശശികല, സൈക്യാട്രി വിഭാഗം തലവൻ ഡോ. പി. അനിൽ, അഡീഷണൽ ഡി.എം.ഒ. ഡോ സതീഷ് എന്നിവരടങ്ങുന്ന നാലംഗ വിദഗ്ദ്ധസമിതിയെ അന്വേഷണത്തിനായി നിയോഗിച്ചു; സമിതിയുടെ അന്വേ ഷണ റിപ്പോർട്ട് ലഭ്യമായിട്ടില്ല. റിപ്പോർട്ട് കിട്ടിയാലുടൻതന്നെ കുറ്റക്കാർക്കെ തിരെ കർശന നടപടികൾ സ്വീകരിക്കുന്നതാണ്. 14/12/2012-ൽ ഞാൻ ആശുപത്രി സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തിയതിന്റെ അടിസ്ഥാന ത്തിൽ ആശുപത്രി സൂപ്രണ്ടിനെ തൽസ്ഥാനത്തുനിന്നും മാറ്റുകയുണ്ടായി.

തിരുവനന്തപുരം മെന്റൽ ഹോസ്പിറ്റലിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആശുപത്രി ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിനായി 4 അസിസ്റ്റന്റ് സർജൻമാരുടെയും 20 സ്റ്റാഫ് നഴ്സുമാരുടെയും തസ്തികകൾ പുതുതായി അവിടെ അനുവദിച്ചിട്ടുണ്ട്. വളരെ പെട്ടെന്നുതന്നെ അവരെ അവിടെ നിയമിക്കുന്നതാണ്. കൂടാതെ 11 സ്റ്റാഫ് നഴ്സുമാരെ എൻ.ആർ.എച്ച്.എം. മുഖേന അവിടെ നിയമിച്ചിട്ടുണ്ട്. 10 സെക്യൂരിറ്റി ഗാർഡുകളെ എച്ച്.ഡി.സി. വഴി ഉടൻതന്നെ നിയമിക്കുന്നതാണ്. ഫോറൻസിക് വാർഡിൽ സി.സി.ടി.വി. സ്ഥാപിക്കുവാൻ 20 ലക്ഷം രൂപ അനുവദിച്ചു കഴിഞ്ഞു. കെൽട്രോണിനാണ് ഈ ജോലിയുടെ ചുമതല ഏൽപ്പിച്ചിട്ടുള്ളത്. രണ്ടു മാസത്തിനുള്ളിൽ സി.സി.ടി.വി. സ്ഥാപിക്കുന്നതാണ്. അതുപോലെ ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം ഇവിടെ പറഞ്ഞത്, രോഗികൾക്കായി കൂടുതൽ സെല്ലുകൾ നിർമ്മിക്കണമെന്നുള്ളതാണ്. സിംഗിൾ സെല്ലുകൾ സ്ഥാപിക്കുന്ന കാര്യം ഗവൺമെന്റ് വളരെ ഗൗരവത്തോടുകൂടി പരിഗണിക്കുന്നതാണ്. അത്തരത്തിലുള്ള 18 സെല്ലുകൾ മാത്രമാണ് അവിടെയുള്ളതെന്നാണ് ഞാൻ മനസ്സിലാക്കിയത്. തീർച്ചയായും ഇത്തരത്തിലുള്ള രോഗികളെ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യുമ്പോൾ അവരെ സിംഗിൾ സെല്ലുകളിൽ അഡ്മിറ്റു ചെയ്യുന്നതിനാവശ്യമായ പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുമെന്നും അടുത്ത വർഷംതന്നെ അതിനുള്ള നടപടികൾ ആരംഭിക്കുന്നതാണെന്നും അറിയിക്കുന്നു.

**തദ്ദേശ സ്ഥാപനങ്ങളിൽ വിവാഹം രജിസ്റ്റർ ചെയ്യാൻ അവസരം**

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: സർ, കേരളത്തിൽ 2008-ൽ നിലവിൽ വന്ന പൊതു വിവാഹ രജിസ്ട്രേഷൻ നിയമപ്രകാരം 2008-നു ശേഷം നടന്ന വിവാഹങ്ങൾ രജിസ്റ്റർ ചെയ്യാൻ കഴിയാത്തവർക്ക് അവസരം നൽകുന്ന തിലേയ്ക്ക് സഭയുടെ ശ്രദ്ധ കൊണ്ടുവരാനാണ് ഈ സബ്മിഷൻ അവരിപ്പി ക്കുന്നത്. 2008-നു മുമ്പ് നടന്നതും എന്നാൽ ഇതുവരെ രജിസ്റ്റർ ചെയ്യുവാൻ കഴിയാത്തതുമായ വിവാഹങ്ങൾ തദ്ദേശസ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്യാ നുള്ള കാലാവധി 2012 ഡിസംബർ 31 വരെ നീട്ടിയെങ്കിലും പ്രസ്തുത സമയം അപര്യാപ്തമായതിനാൽ 2013 മാർച്ച് 31 വരെ എന്നാക്കി മാറ്റണമെ ന്നാണ് ആവശ്യപ്പെടാനുള്ളത്. അതോടൊപ്പംതന്നെ നിയമം നിലവിൽ വന്ന 2008-നുശേഷം നടന്ന വിവാഹങ്ങൾ രജിസ്റ്റർ ചെയ്യാൻ കഴിയാത്തവർക്ക് ഒരവസരംകൂടി നൽകേണ്ടതുണ്ട്. നിയമം ആദ്യമായി നടപ്പിലാക്കിയപ്പോൾ ബോധവൽക്കരണം നടത്താത്തതുകാരണം ധാരാളം ആളുകൾക്ക് രജിസ്റ്റർ ചെയ്യുവാൻ കഴിഞ്ഞിട്ടില്ല. പാസ്പോർട്ട് എടുക്കുന്നതിനും മറ്റും ഇപ്പോൾ ഇത് നിർബന്ധമാക്കിയതിനാൽ ധാരാളം പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. അതുകൊണ്ട് 2008-ന് മുമ്പ് നടന്ന വിവാഹങ്ങൾ രജിസ്റ്റർ ചെയ്യാൻ കഴിയാ ത്തവർക്ക് അവസരം നൽകിയതുപോലെ 2008-നുശേഷം നടന്ന വിവാഹ ങ്ങൾ രജിസ്റ്റർ ചെയ്യാൻ കഴിയാത്തവർക്ക് തദ്ദേശസ്ഥാപനങ്ങളിൽ നിശ്ചിത തീയതി വരെ രജിസ്റ്റർ ചെയ്യുന്നതിന് അവസരം നൽകി ഉത്തരവ് പുറപ്പെടു

വിക്കുന്നതിന് ബഹുമാനപ്പെട്ട പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്.

**തദ്ദേശ സ്ഥാപനങ്ങളിൽ വിവാഹം രജിസ്റ്റർ ചെയ്യാൻ അവസരം**

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) : സർ, 2008-ലെ കേരള വിവാഹം രജിസ്റ്റർ ചെയ്യൽ പൊതുചട്ടങ്ങളിലെ 9-ാം ചട്ടം രണ്ടാം ഉപചട്ടപ്രകാരം ടി ചട്ടങ്ങളിൽ നിലവിൽവരുന്നതിനു മുമ്പ് നടന്ന വിവാഹങ്ങൾ പിഴ കൂടാതെ രജിസ്റ്റർ ചെയ്യുന്നതിനുള്ള കാലാവധിയാണ് 31-12-2012 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുള്ളത്. കാലാവധി ഒരു വർഷംകൂടി നീട്ടികൊടുക്കുന്നതിനായി നിയമവകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇത് പെട്ടെന്ന് തീരുമാനമാക്കുന്നതിനുവേണ്ടി പരിശ്രമിക്കുന്നതാണ്. ചട്ടങ്ങളുടെ ഒമ്പതാം ചട്ടം 1 ഉപചട്ടം പ്രകാരം ചട്ടങ്ങൾ നിലവിൽ വന്നതിനു ശേഷം സംസ്ഥാനത്ത് നടക്കുന്ന എല്ലാ വിവാഹങ്ങളും കക്ഷികളുടെ മതഭേദമെന്യേ നിർബന്ധമായും വിവാഹം നടന്ന തീയതി മുതൽ 45 ദിവസ കാലയളവിനുള്ളിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. നാലാം ഉപചട്ടപ്രകാരം 45 ദിവസക്കാലയളവിനുള്ളിൽ മെമ്മോറാണ്ടം ഫയൽ ചെയ്യാതിരിക്കുകയും അപ്രകാരം വിവാഹം നടന്ന തീയതി മുതൽ ഒരു വർഷ കാലാവധി കഴിയാത്തവയുമായ വിവാഹങ്ങൾ തദ്ദേശ രജിസ്ട്രാർ മൂന്നാം ഉപചട്ട വിധേയമായി 100 രൂപ പിഴ ചുമത്തിയശേഷം രജിസ്റ്റർ ചെയ്യാവുന്നതാണ്. ചട്ടങ്ങളിലെ 10-ാം ചട്ടപ്രകാരം ചട്ടങ്ങൾ നിലവിൽ വന്നതിനുശേഷം, അതായത് 29-2-2008-നുശേഷം നടന്നതും വിവാഹം നടന്ന് ഒരു വർഷത്തിനകം രജിസ്റ്റർ ചെയ്യുന്നതിനുള്ള മെമ്മോറാണ്ടം ഫയൽ ചെയ്തിട്ടില്ലാത്തതുമായ വിവാഹങ്ങൾ 9-ാം ചട്ടത്തിലെ മൂന്നാം ഉപചട്ടത്തിന് വിധേ

യമായി ബന്ധപ്പെട്ട രജിസ്ട്രാർ ജനറലിന്റെ അല്ലെങ്കിൽ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടേയോ അർബൻ അഫയേഴ്സ് ജോയിന്റ് ഡയറക്ടറുടെയോ അനുമതിയോടെ 250 രൂപ പിഴ നൽകി തദ്ദേശ രജിസ്ട്രാർക്ക് രജിസ്റ്റർ ചെയ്ത് നൽകാവുന്നതാണ്. ഇവിടെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അനുമതി കൂടാതെ തദ്ദേശ രജിസ്ട്രാർ രജിസ്ട്രേഷൻ യൂണിറ്റുകളിൽ രജിസ്റ്റർ ചെയ്യുന്നതിന് അനുമതി നൽകുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. മറ്റുള്ളവ പിഴയില്ലാതെ ചെയ്യണമെങ്കിൽ നിയമവകുപ്പിന്റെ നിർദ്ദേശമുണ്ടാകണം. നിയമവകുപ്പ് നിർദ്ദേശിക്കുകയാണെങ്കിൽ ഈ കാര്യം പരിഗണിക്കാവുന്നതാണ്.

**<u>പീലാർമൂഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി</u>**

<u>ശ്രീ. ബി. ഡി. ദേവസ്സി</u> : സർ, ചാലക്കുടി നിയോജക മണ്ഡലത്തിൽപ്പെട്ട കോടശ്ശേരി ഗ്രാമപഞ്ചായത്തിൽ പീലാർമൂഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിക്ക് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നബാർഡിന്റെ സഹായത്തോടുകൂടി നടപ്പാക്കുന്നതിനായി രണ്ടു കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നതാണ്. പിന്നീട് പുതുക്കിയ നിരക്കിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയപ്പോൾ തുക രണ്ട് കോടിയിലധികമായി. വർദ്ധിച്ച തുകയെ സംബന്ധിച്ച് വ്യക്തമായ തീരുമാനമെടുക്കാത്തതുകൊണ്ട് ടെണ്ടർ വിളിക്കാനോ പദ്ധതി നടപ്പിലാക്കാനോ കഴിഞ്ഞിട്ടില്ല. കോടശ്ശേരി പഞ്ചായത്തിലെ കിഴക്കൻമേഖലയിലെ ജലസേചനത്തിനും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനുംവേണ്ടി നാട്ടുകാർ സൗജന്യമായി നൽകിയ ഒരേക്കറിൽ അധികം വരുന്ന നല്ല ജലസ്രോതസ്സോടുകൂടിയ സ്ഥലത്ത് പ്രസ്തുത പദ്ധതി നടപ്പാക്കാനാവശ്യമായ നടപടി അടിയന്തിരമായി സ്വീകരിക്കണം.

## പീലാർമൂഴി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി

ജലവിഭവവകുപ്പു മന്ത്രി (ശ്രീ. പി.ജെ. ജോസഫ്): സർ, ചാലക്കുടി നിയോജക മണ്ഡലത്തിലുൾപ്പെട്ട കോടശ്ശേരി പഞ്ചായത്തിലെ പീലാർമൂഴി ലിഫ്റ്റ് ഇറിഗേഷൻ സ്കീമിന് NABARD RIDF XIV-ൽ ഉൾപ്പെടുത്തി 200 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്ന മെക്കാനിക്കൽ, ഇലക്ട്രിക്കൽ പ്രവൃത്തികളുടെ തുക അപര്യാപ്തമായതിനാലും 2010 revised SOR നിലവിൽ വരികയും ചെയ്ത തിനാൽ 270 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതിക്കായുള്ള പ്രൊപ്പോസൽ അംഗീകാരത്തിനായി നബാർഡിലേയ്ക്ക് അയച്ചിട്ടുണ്ട്. ഇപ്പോൾ 2012 SOR നിലവിൽ വന്നതുമൂലം പദ്ധതികളുടെ എസ്റ്റിമേറ്റ് പുതുക്കുന്നതിനുള്ള നടപടികൾ വുകപ്പുതലത്തിൽ നടന്നുവരുന്നതായി ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

## കുറ്റ്യാടി ജലവൈദ്യുത പദ്ധതി

ശ്രീ. സി. കെ. നാണു : സർ, വടകര നിയോജക മണ്ഡലത്തിലെ കടലോരങ്ങളിൽ പതിമൂന്നാം ധനകാര്യകമ്മീഷൻ അനുവദിച്ച കടൽഭിത്തിയും അതുപോലെ വടകര നിയോജകമണ്ഡലത്തിന്റെ വിവിധ ഭാഗങ്ങളിലായുള്ള കടൽഭിത്തികളും തകർന്നതുകാരണം അവ ഉയർത്തിക്കെട്ടണമെന്ന് അഭ്യർത്ഥിക്കുന്നു. മൂന്നുമാസംമുമ്പ് വടകര നിയോജകമണ്ഡലത്തിൽ കടൽക്ഷോഭമുണ്ടായപ്പോൾ കുറേ മത്സ്യത്തൊഴിലാളി കുടുംബങ്ങളെ അവരുടെ വീടുകളിൽനിന്ന് സ്കൂളുകളിലേയ്ക്ക് മാറ്റി താമസിപ്പിക്കേണ്ടിവന്നിരുന്നു. കുറ്റ്യാടി പദ്ധതിയിലെ അക്വാഡക്ട് തകർന്നുവെന്ന്

ബഹുമാനപ്പെട്ട മന്ത്രി കോഴിക്കോട് വന്നപ്പോൾ പറഞ്ഞതാണ്. ഉദ്യോഗസ്ഥന്മാർ ബോർഡ് വച്ച് ആളുകളോട് അതിലെ പോകരുതെന്ന് നിർദ്ദേശിച്ചിരുന്നു. ആ പ്രശ്നം ഇതുവരെ പരിഹരിക്കാനോ അക്വാഡക്ട് പുനർനിർമ്മിക്കാനോ സാധിച്ചില്ല. ഒരു മാസം കഴിഞ്ഞാൽ അവിടെ വെള്ളം വിതരണം ചെയ്യുന്നത് അസാധ്യമാകുന്ന അവസ്ഥയുണ്ട്. അത് പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. അതുപോലെ മാഹി കനാലിന്റെ പുന:പ്രവൃത്തികൾ ഈ സാമ്പത്തിക വർഷം നിശ്ചയമായും ആരംഭിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതാണ്. അതും വ്യക്തമായ രൂപത്തിൽ ഇതുവരെ ആരംഭിച്ചിട്ടില്ല. ഇക്കാര്യങ്ങൾ പരിഹരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

**കുറ്റ്യാടി ജലവൈദ്യുത പദ്ധതി**

ജലവിഭവവകുപ്പു മന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, പതിമൂന്നാം ധനകാര്യ കമ്മീഷനിൽ ഉൾപ്പെടുത്തി വടകര നിയോജക മണ്ഡലത്തിലെ നാല് പ്രവൃത്തികൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്. അതിൽ അഴിയൂർ പഞ്ചായത്തിൽ പൂഴിത്തല കടപ്പുറത്തിന്റെ വടക്കേയറ്റത്ത് നിർമ്മിച്ച കടൽഭിത്തി 15-3-2012-ൽ പൂർത്തിയായിട്ടുണ്ട്. ചോറോട് പഞ്ചായത്തിൽ 125 മീറ്റർ നീളത്തിൽ കടൽഭിത്തി നിർമ്മിക്കുന്നതിന് 45 ലക്ഷം രൂപയ്ക്കുള്ള അനുമതി ലഭിക്കുകയും 22-8-2012-ൽ എഗ്രിമെന്റ് വച്ച് പ്രവൃത്തി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. അഴിയൂർ പഞ്ചായത്തിൽ ആസ്യ റോഡിന് വടക്ക് 240 മീറ്റർ നീളത്തിൽ കടൽഭിത്തി നിർമ്മിക്കുന്നതിനുള്ള പ്രവൃത്തിക്ക് 5 ശതമാനം അധികനിരക്ക് അനുവദിച്ചെങ്കിലും കരാറുകാരൻ പ്രവൃത്തി ഏറ്റെടുക്കാൻ തയ്യാറാകാത്തതുകൊണ്ട് പുനർ ദർഘാസ് ക്ഷണിച്ചു. 30 ശതമാനം അധികനിരക്കിൽ ലഭിച്ച ടെന്റർ സർക്കാർ പരിശോധിച്ചുവരുന്നു. അഴിയൂർ പഞ്ചായ

ത്തിലെ കീരിത്തോടിനു തെക്കുവശം 535 മീറ്റർ നീളത്തിൽ കടൽഭിത്തി നിർമ്മിക്കുന്നതിനുള്ള ടെന്ററിന് അംഗീകാരം നൽകിയിട്ടുണ്ട്. അത് എഗ്രിമെന്റ് വച്ച് ഉടൻ പ്രവൃത്തി ആരംഭിക്കുന്നതാണ്. മാഹി വളപട്ടണം കനാലിന്റെ പര്യവേഷണനടപടികൾക്കായി എസ്റ്റിമേറ്റ് തയ്യാറാക്കി പരിശോധിച്ചുവരുന്നു. പതിമൂന്നാം ധനകാര്യ കമ്മീഷൻ അനുവദിച്ചിട്ടുള്ള 11 ലക്ഷം രൂപയ്ക്കുള്ള സംസ്ഥാന ജലപാതയുടെ പര്യവേഷണത്തിനുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്. കുറ്റ്യാടി ഇറിഗേഷൻ പദ്ധതിയിൽ വടകര നിയോജക മണ്ഡലത്തിൽ രണ്ട് അക്വഡക്ടുകളാണ് അപകടാവസ്ഥയിലുള്ളത്. ഇതിൽ വള്ളിക്കാട് അക്വഡക്ട് പുനർനിർമ്മിക്കുന്നതിന് 8.25 കോടി രൂപയുടെ എസ്റ്റിമേറ്റ് ഗവൺമെന്റ് പരിശോധിച്ചുവരുന്നു. കാർത്തികപ്പള്ളി അക്വഡക്ട് പുനർനിർമ്മിക്കുന്നതിന് 2.23 കോടി രൂപയുടെ പ്രൊപ്പോസൽ AIBP-യിൽ ഉൾപ്പെടുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരികയാണ്. വടകര - മാഹി കനാലിന്റെ ആദ്യത്തെ 4 കി.മീറ്റർ ഭാഗത്തിന് നബാർഡിന്റെ ഭരണാനുമതി ലഭിക്കുകയും ടെന്റർ നടപടി പുരോഗതിയിലുമാണ്. ബാക്കിയുള്ള ഭാഗത്ത് രണ്ട് പ്രവൃത്തികൾക്ക് 70 കോടി രൂപയുടെ ഭരണാനുമതി പതിമൂന്നാം ധനകാര്യ കമ്മീഷന് ലഭിച്ചിട്ടുണ്ട്. സാങ്കേതികാനുമതി ലഭിക്കാനുള്ള നടപടികൾ നടന്നുവരുന്നു. വടകര-മാഹി കനാൽ എത്രയുംവേഗം പൂർത്തിയാക്കുന്നതിനുള്ള നപടികൾ സ്വീകരിക്കുന്നതാണ്.

**പഞ്ചായത്തുകളിലെ കുടിവെള്ളക്ഷാമത്തിന് പരിഹാരം**

ശ്രീ. സി. മോയിൻകുട്ടി: സർ, എന്റെ നിയോജകമണ്ഡലത്തിലെ അതിരൂക്ഷമായ കുടിവെള്ള ക്ഷാമം അനുവഭവിക്കുന്ന മൂന്ന് പഞ്ചായത്തുകളാണ് കാരശ്ശേരി, മുക്കം, കൊടിയത്തൂർ എന്നിവ. കൊടുവള്ളി നിയോജകമണ്ഡല

ത്തിലെ ഓമശ്ശേരി പഞ്ചായത്തിൽ മുമ്പൊരിക്കലും ഇല്ലാത്ത വിധത്തിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുകയാണ്. നിരവധി തവണ ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുമായി സംസാരിച്ചിട്ടുള്ളതാണ്. വാർത്താ മാധ്യമ ങ്ങളിൽ ഈ വിഷയവുമായി ബന്ധപ്പെട്ട് നിരന്തരമായി വാർത്തകൾ വന്നു കൊണ്ടിരിക്കുകയാണ്. മലബാറിലെ ഏറ്റവും രൂക്ഷമായ കുടിവെള്ളക്ഷാമം അവിടെയാണ്. എന്നാൽ ഈ വിഷയം ഇതുവരെ പരിഗണിക്കപ്പെട്ടിട്ടില്ല. സമൂഹത്തിലെ ഏറ്റവും ദുർബ്ബല വിഭാഗങ്ങൾ തിങ്ങിപ്പാർക്കുന്ന ഈ പ്രദേശത്തെ കുടിവെള്ളക്ഷാമം അടിയന്തരമായി പരിഹരിക്കപ്പെടേണ്ടതുണ്ട്. കേരള വാട്ടർ അതോറിറ്റി 80 കോടി രൂപയുടെ ഒരു പ്രോജക്ട് തയ്യാറാക്കി എസ്.എൽ.ഇ.സി. യോഗത്തിന് അയച്ചിട്ടുണ്ട്. പക്ഷേ നിഷേധിക്കപ്പെട്ടിരിക്കു കയാണ്. നബാർഡിന് നൽകിയ അനുമതി ലഭ്യമാക്കി പ്രാവർത്തികമാക്കാ നാണ് വാട്ടർ അതോറിറ്റി ആവശ്യപ്പെട്ടിട്ടുള്ളത്. ഈ പദ്ധതി പരിഗണി ക്കണമെന്ന് നബാർഡിനോട് അങ്ങ് ആവശ്യപ്പെട്ടിരുന്നതുമാണ്. ഈ പദ്ധതി ക്കാവശ്യമായ ഒരുകോടിരൂപയുടെ സ്ഥലം പൊന്നിൻവിലയ്ക്കെടുത്ത് നൽകുന്നതിനുവേണ്ടി ഗ്രാമപഞ്ചായത്തുകൾ റെസലൂഷൻ പാസ്സാക്കി തീരു മാനമെടുത്തിട്ടുണ്ട്. മലയോര കുടിയേറ്റ മേഖലയിലെ ഏറ്റവും പ്രധാനപ്പെട്ട ഈ വിഷയത്തിൽ വളരെ ഗൗരവമായി ഇടപെട്ടുകൊണ്ട് നബാർഡ് ഉൾപ്പെടെ യുള്ള ഏതെങ്കിലും ഏജൻസികളെക്കൊണ്ട് പണി പൂർത്തീകരിച്ച് കുടിവെള്ള ക്ഷാമം പരിഹരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

**പഞ്ചായത്തുകളിലെ കുടിവെള്ളക്ഷാമത്തിന് പരിഹാരം**

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ, തിരുവമ്പാടി നിയോജകമണ്ഡലത്തിലെ മുക്കം, കാരശ്ശേരി, കൊടിയത്തൂർ തുടങ്ങിയ

പഞ്ചായത്തുകളിലേക്കും കൊടുവള്ളി നിയോജമണ്ഡലത്തിലെ ഓമശ്ശേരി പഞ്ചായത്തിലേയ്ക്കും ശുദ്ധജല വിതരണം നടത്താൻ ഉദ്ദേശിച്ച് 80 കോടി രൂപ അടങ്കൽ തുകയിൽ വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് ഉത്തരമേഖല ചീഫ് എഞ്ചിനീയർ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി രണ്ട് ഘട്ടങ്ങളിലായി നടപ്പാക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഒന്നാംഘട്ടത്തിൽ കിണർ, പമ്പുഹൗസ്, പമ്പ് സെറ്റുകൾ, പമ്പിംഗ് ലൈനുകൾ, 15 എം.എൽ.ഡി ശുദ്ധീകരണശാല, ജലസംഭരണികൾ എന്നിവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിന് 29 കോടിരൂപയാണ് മതിപ്പ് ചെലവ് പ്രതീക്ഷിക്കുന്നത്. രണ്ടാംഘട്ടത്തിൽ മുക്കം, കൊടിയത്തൂർ, കാരശ്ശേരി, ഓമശ്ശേരി എന്നീ പഞ്ചായത്തുകളിൽ ജലവിതരണം നടത്തുന്നതിനുള്ള വിതരണ ശൃംഖലയാണ് സ്ഥാപിക്കേണ്ടത്. ഇതിന് 51 കോടി രൂപയുടെ മതിപ്പ് ചെലവാണ് പ്രതീക്ഷിക്കുന്നത്. പദ്ധതി നടപ്പാക്കുന്നതിനുവേണ്ടി നബാർഡിന്റെ സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ബൈപ്പാസ് നിർമ്മാണത്തിനുവേണ്ട സ്ഥലമെടുപ്പ് നടപടികൾ**

ഡോ. എൻ. ജയരാജ്: സർ, കാഞ്ഞിരപ്പള്ളി നിയോജകമണ്ഡലത്തിലെ ഗതാഗതക്കുരുക്കിന് പരിഹാരമെന്ന നിലയിലാണ് കാഞ്ഞിരപ്പള്ളി ബൈപ്പാസിന് സംസ്ഥാന ഗവൺമെന്റ് 2008- ൽ രൂപം നൽകിയത്. 925 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തു. എന്നാൽ അതിനുശേഷം 5 (എ) എൻക്വയറി ഇൻവോക് ചെയ്ത് ഫാസ്റ്റ്ട്രാക്കിൽ ഈ പദ്ധതി ഉൾപ്പെടുത്തുകയും ചെയ്തതാണ്. ഒരു സ്വകാര്യ വ്യക്തി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തതുമൂലം ഈ പദ്ധതിയുടെ

നടത്തിപ്പുമായി മുന്നോട്ടുപോകാൻ കഴിഞ്ഞില്ല. 2012−2013-ലെ സംസ്ഥാന ബഡ്ജറ്റിൽ കാഞ്ഞിരപ്പള്ളി ബൈപ്പാസിനുവേണ്ടിയുള്ള ഫണ്ട് അനുവദിച്ചതുമാണ്. 2012 ഡിസംബർ 1-ന് ബഹുമാനപ്പെട്ട കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ സംസ്ഥാന ഗവൺമെന്റിന് ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകുവാൻ അനുവാദം നൽകിയിട്ടുണ്ട്. 5 (എ) എൻക്വയറി ഇൻവോക് ചെയ്ത നടപടി പുനഃപരിശോധിക്കാനാണ് കോടതി ആവശ്യപ്പെട്ടിരിക്കുന്നത്. നിലവിലുള്ള അലൈൻമെന്റ് മാറ്റം വരുത്തണമെന്ന നിർദ്ദേശമില്ല. ആയതിനാൽ കാഞ്ഞിരപ്പള്ളിയുടേയും കിഴക്കൻ പ്രദേശത്തിന്റേയും വളരെ പ്രധാനപ്പെട്ട വിഷയമെന്ന നിലയിൽ ഈ ബൈപ്പാസിനുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടി ത്വരിതപ്പെടുത്തുകയും ബഹുമാനപ്പെട്ട മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുകൂട്ടണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

**ബൈപ്പാസ് നിർമ്മാണത്തിനുവേണ്ട സ്ഥലമെടുപ്പ് നടപടികൾ**

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, കാഞ്ഞിരപ്പള്ളി ബൈപ്പാസ് നിർമ്മാണത്തിനായി കാഞ്ഞിരപ്പള്ളി വില്ലേജിലെ വിവിധ സർവ്വേ നമ്പരുകളിൽപ്പെട്ട 3.9830 ഹെക്ടർ ഭൂമി 1894 -ലെ ഭൂമി ഏറ്റെടുക്കൽ നിയമത്തിലെ 17-ാം വകുപ്പുപ്രകാരം അർജൻസി ക്ലോസിൽ ഉൾപ്പെടുത്തി ഏറ്റെടുക്കുന്നതിന് 02−02−2012-ന് റവന്യൂ വകുപ്പ് അംഗീകാരം നൽതിയതനുസരിച്ച് ലാന്റ് റവന്യൂ കമ്മീഷണറുടെ അംഗീകാരത്തോടുകൂടി 20−12−2010 -ലെ 4(1) വിജ്ഞാപനം ഗസറ്റിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. ഇതിനിടെ ശ്രീ. കെ.കെ. സെബാസ്റ്റ്യൻ എന്ന വ്യക്തി

ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത അന്യായത്തിൻമേൽ സ്ഥലമെടുടുപ്പ് സംബന്ധിച്ച എല്ലാ നടപടികളും സ്റ്റേ ചെയ്തുകൊണ്ടുള്ള ഹൈക്കോടി ഉത്തരവുണ്ടായി. 01-12-2012-ൽ കേസ്സിലുണ്ടായ അന്തിമ വിധിയനുസരിച്ച് അർജൻസി ക്ളോസിൽ ഉൾപ്പെടുത്തി ഭൂമി ഏറ്റെടുക്കാനുള്ള ഉത്തരവ് റദ്ദാക്കുകയും ഭൂമിഏറ്റെടുക്കൽ നിയമത്തിലെ 5(എ) 1, 2 എന്നീ വകുപ്പുകളനുസരിച്ച് കക്ഷികൾക്ക് ഹിയറിംഗ് അനുവദിച്ച് ഭൂമി ഏറ്റെടുക്കാൻ ഉത്തരവാകുകയും ചെയ്തു. റോഡിന്റെ അലൈൻമെന്റ് സംബന്ധിച്ച് പരാതിക്കാരൻ ഉന്നയിച്ച ആക്ഷേപങ്ങളെക്കുറിച്ച് കോടതി പ്രത്യേക പരാമർശങ്ങളൊന്നും നടത്തിയിട്ടില്ല. അതുകൊണ്ട് ഭൂമി ഏറ്റെടുക്കൽ നിയമത്തിലെ ബന്ധപ്പെട്ട വ്യവസ്ഥകൾ പ്രകാരം നടപടികൾ പുനരാരംഭിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ ആവശ്യപ്പെട്ടതനുസരിച്ച് നാളെത്തന്നെ ജില്ലാകളക്ടർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥന്മാരുടെ യോഗം വിളിച്ചു ചേർത്തിട്ടുണ്ട്. അതിനാവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതായിരിക്കും.

## കഴക്കൂട്ടം ആസ്ഥാനമാക്കി റവന്യൂ ഡിവിഷൻ ആഫീസ്

ശ്രീ. എം. എ. വാഹീദ്: സർ, കഴക്കൂട്ടം കേന്ദ്രമാക്കി ഒരു റവന്യൂ ഡിവിഷൻ ആഫീസ് വേണമെന്നുള്ളതാണ് എന്റെ ആവശ്യം. 1956-ൽ കേരള സംസ്ഥാനം രൂപീകരിച്ചതിനുശേഷം മൂന്നുജില്ലകൾ പുതിയതായി വരികയും നിരവധി താലൂക്കാഫീസുകളും വില്ലേജാഫീസുകളും പുതിയതായി ഉണ്ടായെങ്കിലും കേരളത്തിൽ ഒരിടത്തും പുതിയ ആർ.ഡി. ആഫീസുകളുണ്ടായിട്ടില്ല. എന്നാൽ പല ജില്ലകളിലും ഒന്നിൽക്കൂടുതൽ ആർ.ഡി. ആഫീസുകളുണ്ട്. തലസ്ഥാന നഗരിയാണെന്ന നിലയിൽ ഒരു ആർ.ഡി..ഒ.-യെക്കൊണ്ടു

മാത്രം കാര്യങ്ങൾ നിർവ്വഹിക്കാൻ കഴിയാത്ത സ്ഥിതി വിശേഷമാണ്. ഒരുപാട് സമരങ്ങൾ നടക്കുന്ന സ്ഥലമാണ്. ആ സമരങ്ങൾ നടക്കുന്ന സ്ഥലങ്ങളിലെല്ലാം ആർ.ഡി. ഒ ഹാജരാകേണ്ടിവരും. പോസ്റ്റുമോർട്ടം നടക്കുന്ന പല സ്ഥലങ്ങളിലും ആർ.ഡി.ഒ-യുടെ സാന്നിദ്ധ്യമുണ്ടാകണം. എന്തിനും ഏതിനും ആർ.ഡി.ഒ വേണ്ട സ്ഥലമാണ് തിരുവനന്തപുരം എന്നുള്ളതുകൊണ്ട് രണ്ട് ആർ.ഡി. ആഫീസ് തിരുവനന്തപുരത്ത് വളരെ അത്യാവശ്യമാണ്. അതുകൊണ്ട് കഴക്കൂട്ടം കേന്ദ്രമാക്കി പുതിയൊരു ആർ.ഡി. ആഫീസ് രൂപീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നുള്ളതാണ് എന്റെ സബ്മിഷൻ.

**കഴക്കൂട്ടം ആസ്ഥാനമാക്കി റവന്യൂ ഡിവിഷൻ ആഫീസ്**

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ജനസംഖ്യയ്ക്ക് ആനുപാതികമായി മെച്ചപ്പെട്ട സേവനം പൊതുജനങ്ങൾക്ക് നൽകുന്നതിനും സർക്കാർ ഭരണം കാര്യക്ഷമമാക്കുന്നതിനും സംസ്ഥാനത്ത് പുതിയ റവന്യൂ ഡിവിഷനുകൾ വേണമെന്ന ആവശ്യം പല ഭാഗത്തുനിന്നും ഉണ്ടാകുന്നുണ്ട്. എന്നാൽ പുതിയ ഡിവിഷനുകൾ തുടങ്ങുമ്പോൾ അവശ്യം വേണ്ട തസ്തികകളും ഓഫീസ് കെട്ടിടങ്ങളും വാഹനങ്ങളും സർക്കാരിന് വൻബാദ്ധ്യത ഉണ്ടാക്കുന്ന ഒരു കാര്യമാണ്. ഇക്കാര്യത്തിൽ നയപരമായ തീരുമാനമാണ് എടുക്കാനുള്ളത്. നയപരമായ തീരുമാനമെടുക്കുന്ന മുറയ്ക്കുമാത്രമേ കഴക്കൂട്ടം ആസ്ഥാനമാക്കി പുതിയ റവന്യൂ ഡിവിഷൻ രൂപീകരിക്കുന്ന കാര്യം പരിഗണിക്കാൻ സാധിക്കുകയുള്ളൂ.

**നിയമ വ്യവസ്ഥകളുടെ ലംഘനം**

ശ്രീ. സി. പി. മുഹമ്മദ്: സർ, നദീസംരക്ഷണ-മണൽവാരൽ നിയന്ത്രണ ബിൽ ലംഘിച്ചുകൊണ്ട് വ്യാപകമായി മണൽവാരി കേരളത്തിലെ നദികൾ ഒരഴുക്ക് ചാലായി മാറിയിരിക്കുകയാണെന്ന് നമുക്കറിയാം.

'അമ്പ പേരാറേ ആകുലമായൊരഴുക്ക് ചാലായി നീ മാറിപ്പോ'- എന്ന് കുറ്റിപ്പുറം പാലത്തിൽ ഇടശ്ശേരി ഗോവിന്ദൻ നായർ പാടിയിട്ടുണ്ട്. ആസ്ഥിയിലാണിന്ന് കേരളത്തിലെ എല്ലാ നദികളും. പക്ഷേ നിർഭാഗ്യവശാൽ ഈ നിയമം നടപ്പാക്കുന്നതിൽ ജാഗ്രത കാണിക്കുന്ന ഉദ്യോഗസ്ഥർ- കോഴിക്കോട് കളക്ടർ ശ്രീ. കെ.വി.മോഹൻ കുമാർ, പട്ടാമ്പി എസ്.ഐ ശ്രീ. ബിനു എന്നിവർക്ക് അല്പം വ്യത്യാസത്തിലാണ് ജീവൻ രക്ഷിക്കാൻ സാധിച്ചത്. അതേസമയത്ത് വേലി വിളവ് തിന്നുന്നതുപോലെ, കുറുന്തോട്ടിക്ക് വാതം വരുന്നതുപോലെ, ചങ്ങലയ്ക്ക് ഭ്രാന്ത് പിടിക്കുന്നതു പോലെ ഈ നിയമം പരസ്യമായി ലംഘിക്കുന്നതിന് ഒരു ജില്ലാ കളക്ടറും ഒരു ഡെപ്യൂട്ടി തഹസിൽദാരും കൂട്ടുനിന്നതിനും നാം സാക്ഷികളാകേണ്ടി വന്നു. അതുകൊണ്ട് ഇക്കാര്യത്തിൽ അടിയന്തരമായി ഗവൺമെന്റിന്റെ നിയമം സംരക്ഷിക്കേണ്ട ഉദ്യോഗസ്ഥർ ഇത്തരത്തിലുള്ള പ്രവൃത്തി നടത്തുന്നതിനെതിരെ കർശനമായ നടപടി സ്വീകരിക്കേണ്ടത് അത്യാവശ്യമാണ്. ഒരു നദീജല അതോറിറ്റി രൂപവത്ക്കരിക്കേണ്ടതിനെ സംബന്ധിച്ച് ശ്രീ. ടി. എൻ. പ്രതാപൻ ഇന്ന് ഒരു ശ്രദ്ധക്ഷണിക്കൽ കൊണ്ടുവരികയുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിന്റെ ഗൗരവം ഉൾക്കൊണ്ടാണ് മറുപടി പറഞ്ഞത്. ഈ കാര്യത്തിൽ എല്ലാവരും ജാഗ്രതയോടുകൂടി പ്രവർത്തിച്ച്

നിയമം കർശനമാക്കി മാറ്റണമെന്നും ഇത്തരത്തിലുള്ള ഉദ്യോഗസ്ഥരെ നാടൻ ഭാഷയിൽ പറഞ്ഞാൽ മുള്ളിയിലത്തിന്റെ കൊമ്പുവെട്ടി അടിക്കുകയാണ് വേണ്ടത് എന്നുകൂടി ഞാൻ പറയുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർ ഉപയോഗിച്ച പദങ്ങൾ പാർല മെന്ററിയാണോ എന്ന് പരിശോധിക്കേണ്ടിവരും. ഒഴിവാക്കേണ്ട പദപ്രയോഗ ങ്ങളുണ്ടെങ്കിൽ തീർച്ചയായും ഒഴിവാക്കും.

**നിയമവ്യവസ്ഥകളുടെ ലംഘനം**

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, കേരള നദീതീര സംരക്ഷണവും-മണൽവാരൽ നിയന്ത്രണവും നിയമവും 2001-ൽ നിലവിൽ വരുന്നതിനുമുമ്പും പ്രസ്തുത നിയമം നിലവിൽ വന്നതിനു ശേഷവും തൃശ്ശൂർ ജില്ലയിലും അയൽ ജില്ലകളായ മലപ്പുറം, പാലക്കാട് ജില്ല കളിലും വാഹനങ്ങൾ ഭാരതപ്പുഴയിലേക്കിറക്കിയാണ് മണൽ കയറ്റുന്നത്. ഭാരതപ്പുഴയിൽ മണൽ കയറ്റുവാനെത്തുന്ന വാഹനങ്ങൾ പുഴയിലേക്കിറക്കി മണൽ കയറ്റുന്നതായി വ്യാപകമായ പരാതികൾ പത്ര-ദൃശ്യ മാധ്യമങ്ങളിൽ വന്നതിന്റെയടിസ്ഥാനത്തിൽ ഭാരതപ്പുഴയിൽനിന്നും മണൽ വാരുന്ന നടപടി കൾ പരാതികൾക്കിട നൽകാത്ത വിധത്തിൽ നടപ്പിലാക്കുന്നതിനായി വാഹ നങ്ങൾ കർശനമായി പുഴയിലേക്കിറക്കാതെ മണൽ കയറ്റുന്നത് സംബന്ധിച്ച വിഷയത്തിൽ തൊഴിലാളി പ്രതിനിധികളും, ട്രേഡ് യൂണിയൻ പ്രതിനിധി കളും ഗ്രാമപപഞ്ചായത്ത് അധികൃതരുടെയും യോഗം 13-09-2012-ൽ കൂടിയിരുന്നു. ഒരു കിലോമീറ്ററോളം വീതിയിൽ പരന്നുകിടക്കുന്ന ഭാരതപ്പുഴ യിൽ വാഹനങ്ങളിറക്കിയാൽ മാത്രമേ മണൽ കയറ്റാൻ സാധിക്കുകയുള്ളൂ. വീതികുറഞ്ഞ മറ്റുപുഴകളിൽനിന്നും തലച്ചുമടായി മണൽ കയറ്റുന്നതു

പോലെ ഭാരതപ്പുഴയിൽ നിന്നും മണൽ കയറ്റാൻ സാധിക്കുകയില്ല എന്നിവ യായിരുന്നു മേൽപ്പടി യോഗത്തിലെ പ്രധാന അഭിപ്രായങ്ങൾ. മണൽ കയറ്റു ന്നതിനുള്ള കൂലി വർദ്ധിപ്പിക്കുകയാണെങ്കിൽ വാഹനങ്ങൾ പുഴയിലേക്കിറ ക്കാതെ മണൽ കയറ്റുന്നതിനുള്ള സാധ്യതകൾ ജില്ലാ കളക്ടർ ആരാഞ്ഞ തിൽ പുതിയ തൊഴിലാളികളെ നിയോഗിക്കാൻ സാധിക്കാത്തതിനാലും നില വിലുള്ള തൊഴിലാളികളിൽ ഭൂരിഭാഗവും പ്രായമായവരും അവശരുമായതി നാൽ കൂലി വർദ്ധിപ്പിച്ചാൽപ്പോലും മണൽ തലച്ചുമടായി വാഹനങ്ങളിൽ കയറ്റുവാൻ പ്രയാസമാണെന്നും ആയതിനാൽ വാഹനങ്ങൾ പുഴയിലേക്കി റക്കി മണൽ കയറ്റുന്നത് മുൻപത്തേതുപോലെ തുടരണമെന്ന് തൊഴിലാളി പ്രതിനിധികളും ട്രേഡ് യൂണിയൻ ഭാരവാഹികളും ജില്ലാതല യോഗം മുൻപാകെ അപേക്ഷിക്കുകയാണുണ്ടായത്. മറിച്ചാണെങ്കിൽ ലോഡ് കയറ്റു കയില്ലെന്നും അറിയിച്ചു. മേൽ സാഹചര്യത്തിൽ വർഷങ്ങളായി തുടർന്നു വന്ന രീതിയിൽത്തന്നെ ഭാരതപ്പുഴയിലേക്ക് വാഹനങ്ങളിറക്കി മണൽ കയറ്റു ന്നത് തുടരുവാൻ തൃശ്ശൂർ ജില്ലാ വിദഗ്ദ്ധ സമിതി യോഗം തീരുമാനിച്ചു. ജില്ലാ കളക്ടർമാരുടെ നിയന്ത്രണത്തിൽത്തന്നെ മണൽ കയറ്റിപ്പോകുന്ന വാഹനങ്ങളുടെ വിവരം ശേഖരിച്ചുവയ്ക്കുന്നുണ്ട്. അനധികൃത മണൽശേഖ രണം, മണൽകടത്ത് എന്നിവയ്ക്കെതിരെ റെയ്ഡും ശക്തമായ നടപടികളും സ്വീകകരിച്ചുവരുന്നുണ്ട്. കോഴിക്കോട് താലൂക്കിന്റെ പരിധിയിൽ ചെറു വണ്ണൂർ, രാമനാട്ടുകര, ഒളവണ്ണ, ബേപ്പൂർ എന്നീ പ്രദേശങ്ങളിൽ രാത്രികാല ങ്ങളിൽ അനധികൃത മണൽവാരൽ ശക്തമായതായി ശ്രദ്ധയിൽപ്പെട്ടതിനെ ത്തുടർന്ന് എ.ഡി.എം ഉൾപ്പെടെ 12 പേരടങ്ങുന്ന ഒരു സ്പെഷ്യൽ സ്ക്വാ ഡിന് രൂപം നൽകുകയും ജില്ലാ കളക്ടർ സിറ്റി പോലീസ് കമ്മീഷണറുമായി

ഇക്കാര്യം ഫോണിൽ ചർച്ച ചെയ്യുകയും സ്ക്വാഡിനാവശ്യമായ പോലീസ് സഹായം അഭ്യർത്ഥിക്കുകയും ചെയ്തു. ഇതനുസരിച്ച് കോഴിക്കോട് എ. ആർ ക്യാമ്പിൽനിന്നും പോലീസിനെയുംകൂട്ടി 8–12–2012 പുലർച്ചെ മൂന്നു മണിക്ക് ജില്ലാകളക്ടറുടെ നേതൃത്വത്തിൽ വാടകയ്ക്കെടുത്ത മൂന്ന് വാഹനങ്ങൾ ഫറോക്ക്, രാമനാട്ടുകര, ഒളവണ്ണ ഭാഗങ്ങളിൽ പരിശോധനയ്ക്ക് പുറപ്പെട്ടു. പുലർച്ചെ 3.30–ഓടുകൂടി സ്ക്വാഡ് ഫറോക്ക്, കൊയാസ് ജംഗ്ഷനടുത്തെത്തിയപ്പോൾ ഒരു ടിപ്പർ ലോറി സഡൻബ്രേക്ക് ചെയ്ത് നിറുത്തുകയും ടിപ്പറിലെ മണൽ തൊട്ടുപിന്നിൽ ജില്ലാ കളക്ടർ സഞ്ചരിച്ചിരുന്ന വാഹനത്തിനുനേരെ മറിച്ചിടുകയും ചെയ്തു. ടിപ്പർ ലോറിയുടെയും എസ്കോർട്ട് ബൈക്കുകളുടേയും നമ്പർ രാവിലെ 7.00 മണിയോടുകൂടി ജില്ലാ കളക്ടർ പോലീസ് കമ്മീഷണറേയും കോഴിക്കോട് ആർ.ടി.ഒ–യേയും അറിയിക്കുകയും പോലീസ് നടപടി സ്വീകരിച്ച് കേസ് രജിസ്റ്റർ ചെയ്ത് വാഹനങ്ങൾ കസ്റ്റഡിയിലെടുക്കുകയും മേൽപ്പടി കേസുകളിലുൾപ്പെട്ട റിയാസ്, റാഷിക് കപൂർ, ആഷിക് എന്നീ മൂന്നുപ്രതികളെ അറസ്റ്റ് ചെയ്ത് റിമാൻഡ് ചെയ്ത് ജയിലിലടച്ചിരിക്കുകയാണ്. മണൽ കടത്തുമായി ബന്ധപ്പെട്ട് കൂടുതൽ പ്രതികളുണ്ടോ എന്നതിനെപ്പറ്റി അന്വേഷണം നടന്നുവരികയാണ്.

(മേശപ്പുറത്തുവയ്ക്കുന്ന കടലാസുകൾ )